# ചക്രവാളം.

(സവ്യാഖ്യാനം)

ഗ്രന്ഥകർത്താവ്:

നാലപ്പാട്ട് നാരായണമേനോൻ.

അവതാരകൻ:

വി. മാധവൻനായർ.

SREE KRISHNA VILASOM GRANDHASALA
9519
E 920
MALAYINKIL

ഏ. ആർ. പി. പ്രെസ്സ്,
കുന്നംകുളം.

൧൧൦൭

(ഒന്നാം പതിപ്പ്)

പകർപ്പവകാശം ഗ്രന്ഥകർത്താവിന്ന്] [വില എട്ടണ

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MAL...
SREE KRISHNA VILASOM GRANDHASALA
...RUM

# * അവതാരിക.

ഒരിയ്ക്കൽ ഞാനൊരു കഥ കേട്ടു. മലബാറിലെ ഒരു വലിയ സംസ്കൃതപണ്ഡിതൻ ഒരു ദിവസം തന്റെ ഒരു ശിഷ്യനെക്കൊണ്ടു നാലപ്പാട്ടിന്റെ 'കണ്ണുനീർത്തുള്ളി' വായിപ്പിയ്ക്കുകയുണ്ടായത്രേ. ഒരു വിലാപകാവ്യം ആരംഭിയ്ക്കുമ്പോഴത്തെ മാമൂൽച്ചടങ്ങിനെ ആദരിയ്ക്കുന്നുണ്ടെന്ന് ഒരു നാട്യമെങ്കിലുമില്ലാത്ത ഒന്നാം ശ്ലോകംതന്നെ ആ ശുദ്ധാത്മാവിനെ അടിയോടേ എടുത്തുമറിച്ചിട്ടു; ആ അമ്പരപ്പു നില്ക്കുന്നതിനു മുമ്പായി ശിഷ്യൻ പിന്നേത്തെ മൂന്നു ശ്ലോകങ്ങൾ വായിച്ചുകഴിച്ചു. "നരൻ ക്രമാൽത്തന്റെ ശവം ചവുട്ടിപ്പോകുന്നൊരിപ്പോക്കുയരത്തിലേയ്ക്കോ?" എന്നു കവി ചോദിയ്ക്കുന്ന അഞ്ചാമത്തേതിലെത്തിയപ്പോൾ അദ്ദേഹത്തിനു കേട്ടുപൊറുക്കാവുന്നതെല്ലാമായി; "നിർത്തു" എന്നുച്ചത്തിൽത്തടഞ്ഞു; ഇതിനൊക്കെ വല്ല അർത്ഥവുമുണ്ടോ എന്നായി! ആ സാധുപണ്ഡിതൻ 'കണ്ണുനീർത്തുള്ളി'യ്ക്കു ശേഷമുണ്ടായിട്ടുള്ള ഈ മനോഹരകാവ്യങ്ങളെ കണ്ടെത്തിപ്പോകുന്ന പക്ഷം, അപ്പോഴത്തെ അദ്ദേഹത്തിന്റെ നിലയെന്തായിരിയ്ക്കും! എന്തുകൊണ്ടെന്നാൽ, 'കണ്ണുനീർത്തുള്ളി'യിലും അതിനു ശേഷമുള്ള 'പുളകാങ്കുര'ത്തിലും നാലപ്പാട്ട് ഉശിരുകെട്ട മാമൂലുകളെ അവഗണിയ്ക്കുകയും മലയാളസാഹിത്യത്തിലെ മാറാല കെട്ടിയ യാഥാസ്ഥിതികത്വക്കോട്ടയ്ക്കു കടന്നു പീരങ്കിവെയ്ക്കുകയും ചെയ്യുന്നുണ്ടെ

---

* ഇംഗ്ലീഷിൽ എഴുതിയതിന്റെ തർജ്ജമ.

ങ്കിൽ, അദ്ദേഹം അതിലുമധികം ഫലപ്രദങ്ങളായ ആയു ധങ്ങളോടും ഇടയ്ക്കുവെച്ചു നില്ക്കാത്ത ദൃഢനിശ്ചയത്തോ ടുംകൂടി അങ്ങോട്ടുതന്നെ ഇതാ, വീണ്ടും ചെല്ലുന്നു. അതു മാത്രമല്ല, സാഹിത്യത്തിൻെറ വിലയെപ്പററിയും, കാവ്യ കലയുടെ ഉദ്ദേശവ്യംഗ്യങ്ങളെപ്പററിയും നമുക്കുള്ള സങ്ക ല്പത്തെ ഇളക്കിമറിയ്ക്കുന്ന ഒരു നവീനയുഗാരംഭത്തിൽ നാം എത്തിയിരിയ്ക്കുന്നു എന്നു കഴിയുന്നതും സ്പഷ്ടമായി അദ്ദേഹം നമുക്കു കാണിച്ചുതരുന്നു. അദ്ദേഹത്തിൽ ഒരു പൂർവ്വതരം ഭാവനാശക്തി സൃഷ്ടിപരമായ ആവേശത്തിൽ പ്രവത്തിച്ചുകൊണ്ടിരിയ്ക്കുന്നതു നാം കാണുന്നു. അദ്ദേ ഹം നമുക്കായി പച്ചപിടിച്ച പുതുപുൽപ്പുറമ്പുകളുടെ പടിവാതിൽ തുറന്നുതരികയും ഇതുവരെ നമുക്ക് അപ്രാ പ്യങ്ങളായിരുന്ന അത്ഭുതങ്ങളിലേയ്ക്കു നമ്മെ കൂട്ടിക്കൊ ണ്ടുപോകയും ചെയ്യുന്നു.

ഇത്തരം കവിത നമ്മുടെ ഭാഷയിൽ ഇദംപ്രഥമമാ ണ്. നമ്മുടെ രാജ്യത്തു സാഹിത്യസംബന്ധിയായ മോ ക്ഷം നൽകാനുള്ളവർ—എന്നു പറയട്ടെ—'ചക്രവാ ള'ത്തിന്ന് ഒരു ഭ്രഷ്ടു കല്പിയ്ക്കുന്നപക്ഷം, ഞാനവരെ അത്ര കുററപ്പെടുത്തുകയില്ല. പരനിർമ്മിതങ്ങളായ ഇതി വൃത്തങ്ങളെ എടുത്താവത്തിയ്ക്കുന്നതിൽപ്പോലും കാവ്യക ലയുടെ സ്പർശം പെട്ടാൽ ഒളിച്ചു മാറുന്ന പഴങ്കഥക്കാരു ടേയും, പരപ്പുനമട്ടിലുള്ള ചില്ലറക്കാവ്യങ്ങളെ കൊണ്ടു ന ടന്നു വ്യാപാരം ചെയ്യുന്നവരുടേയും നിബന്ധനയെ നാം ഇന്നും ഔദാര്യപൂർവമായ അലംഭാവത്തോടുകൂടി നിലനി ത്തിപ്പോരുന്നു; നിരൊഴുക്കമില്ലായ്മയെ താങ്ങിനില്ക്കുന്ന വരോടുള്ള കീഴ്പ്പണക്കം ഒരു മാന്യതയാണെന്നു നാം ഇ

ന്നും കരുതിവരുന്നു; ഇന്നും നാം, നമ്മുടെ മനസ്സിലെ മണിമച്ചുകളെ കക്കപ്രാണികൾ പാർത്തിരുന്നവയും കലാവിദ്യയുടെ കഷ്ണംപോലും അകത്തില്ലാത്തവയുമായ പുറംതൊണ്ടുകളെക്കൊണ്ട് അലങ്കരിയ്ക്കുന്നത് ഒരു കൊള്ളാവുന്ന വിവേചനശക്തിയായി കൈക്കൊള്ളുന്നു. അതുകൊണ്ടു നമ്മെച്ചൂഴലുന്ന ചപ്പുചവറുകളെ തട്ടിനീക്കി, നമ്മെ ചെല്ലാൻ വിളിയ്ക്കുന്ന ഈ പുതുസ്ഥലത്തേയ്ക്കു കടന്നു, സുഖവാസംകൊള്ളാൻ നമുക്കു കുറച്ചിട കിട്ടണം — ഒരു വലിയ പിൻബലം വേണം.

‘ചക്രവാള’ത്തിലെ കാവ്യകല കുറുകിക്കട്ടിയായതാണ്, മുറുക്കം കൂടിയതാണ്, തട്ടിക്കയറുന്ന ഒന്നാണ്. അതു തീക്ഷ്ണതയോടുകൂടിയും, ധൃഷ്ടതയോടുകൂടിയും എതിർത്തുനില്ക്കുന്നു. ഈ നിർമ്മാണവിശേഷങ്ങളിലൂടേ നമുക്കഭിമുഖമായി നില്ക്കുന്ന കവി വേറിട്ടും വ്യത്യാസപ്പെട്ടും നിലകൊള്ളുന്നു. അദ്ദേഹത്തിന്റെ എതിരിടലുകളിൽ യാതൊരു രാജിയുമില്ല; അദ്ദേഹത്തിന്റെ തുറന്നുപറയലുകളിൽ യാതൊരിടറിച്ചയുമില്ല. അദ്ദേഹം നമ്മുടെ രക്ഷാദുർഗ്ഗങ്ങളെ അടിച്ചു തകർക്കുന്നു. എന്താണുണ്ടാവാൻപോകുന്നതെന്നു മനസ്സിലാവുന്നതിന്നു മുമ്പായി അദ്ദേഹം നമ്മെ പിടികൂടുകയും, തന്റെ അമർത്തിപ്പിടുത്തത്തിൽനിന്നു വിട്ടുകിട്ടുന്നതിന്നു മുമ്പായി നമ്മെയുംകൊണ്ട് എവിടെയെല്ലാക്കയോ പാഞ്ഞുകേറുകയും ചെയ്യുന്നു. നമ്മുടെ ഉൽഗതി മന്ദവും വിഷമവുമാണെങ്കിൽ, അദ്ദേഹം നമ്മെ താങ്ങിക്കൊള്ളുമെന്ന ഒരാശ്വാസം നമുക്കു കിട്ടുന്നില്ല. നമ്മുടെ ബുദ്ധിമുട്ടുകളെക്കുറിച്ച് അദ്ദേഹം സ്പഷ്ടമാംവണ്ണം ഉദാസീനനാണ്; നമ്മൾ ഒപ്പമെത്തിക്കൊ

ള്ളുമെന്ന് അദ്ദേഹം കരുതുന്നു – അതേ, നമുക്കു കഴിയുമെങ്കിൽ. കഴിവില്ലെങ്കിൽ, അതു നമ്മുടെ ഭാഗ്യദോഷം; നമുക്കു പാകത്തിൽ അദ്ദേഹം തന്റെ കാവ്യകലയ്ക്കു കട്ടിത്തം കുറയ്ക്കുകയോ തന്റെ ഭാവനോല്ലേഖത്തിനു വ്യാപ്തി ചുരുക്കുകയോ ചെയ്യുകയില്ല. അദ്ദേഹം തനിയ്ക്കായി ഒരു ശ്രീകോവിലുണ്ടാക്കി, ആരാധനത്തിൽ പങ്കുകൊള്ളാൻ നമ്മേയും അങ്ങോട്ടു ക്ഷണിയ്ക്കുന്നതിനു നോക്കുന്നില്ല; നേരെമറിച്ച്, തന്റെ കവനകലകൊണ്ടു നമ്മുടെ തന്നെ ഹൃദയത്തിൽ ക്ഷേത്രനിർമ്മാണം ചെയ്തു, കഴിയുമെങ്കിൽ, അതുകൊണ്ടു പ്രയോജനമുണ്ടാക്കിക്കൊൾവാൻ നമ്മെ വിട്ടുകളയുന്നു; കാലം ശാശ്വതത്വത്തോടു സംഗമം കൊള്ളുന്ന പുണ്യസ്ഥലത്തേയ്ക്കു നമ്മെ കൂട്ടിക്കൊണ്ടുപോയി, വേണമെങ്കിൽ, പാപമോചനത്തിനു സ്നാനം ചെയ്തുകൊള്ളുക എന്നു നമ്മെ വിടുന്നു. 'കണ്ണുനീർത്തുള്ളി'വഴിയായും, കുറേക്കൂടി സ്പഷ്ടമായി ഈ അനന്തരകൃതികൾവഴിയായും, അദ്ദേഹം ശ്രദ്ധപൂണ്ടു, സമ്പന്നത നേടി, അകച്ചൂഴ്‌ന്ന്, അന്തസ്സോടുകൂടി, തന്റെ ചുറ്റുമുള്ള ദൃശ്യങ്ങളിലെന്നപോലെ കേവലതത്വത്തിലെ അദൃശ്യങ്ങളിലും ശരിയ്ക്കു പെരുമാറി, വെളിച്ചത്തെ നിഴലോടിണക്കുകയും സംഭാവ്യമെന്നു തീർച്ചയുള്ളതിനോടുകൂടി അസംഭാവ്യമെന്നു തോന്നാവുന്നതിനെ കൂട്ടിയോജിപ്പിയ്ക്കുകയും, ജീവിതവികാരങ്ങളുടെ വിവിധങ്ങളായ അവസ്ഥാഭേദങ്ങൾക്കും ഭാവവിശേഷങ്ങൾക്കും അന്തർല്ലീനമായുള്ള യോജിപ്പു പരസ്പരാശ്രയം എന്നിവയെ വെളിപ്പെടുത്തുകയും ചെയ്യുന്ന ഒരു നേതാവായി സ്വയം പ്രത്യക്ഷീഭവിയ്ക്കുന്നു. ഇതിനെ ഈ കാവ്യത്തിലെ ഓരോ ഭാഗവും വെളിപ്പെടുത്തുന്നുണ്ട്.

951 9

‘കണ്ണുനീർത്തുള്ളി’യുടെ ഇംഗ്ലീഷ് തർജ്ജമയ്ക്കുള്ള അവതാരികയിൽ ഡോക്ടർ ബാനർജ്ജി ഇത്തരം കാവ്യങ്ങളെ പൂർണ്ണങ്ങളും സവിസ്തരങ്ങളുമായ തത്വശാസ്ത്രഗ്രന്ഥങ്ങളേക്കാൾ, പ്രയോജനംകൊണ്ടു, തികച്ചും ശ്രേഷ്ഠങ്ങളായിഗ്ഗണിയ്ക്കുന്നു; കാരണം, ആദ്യം പറഞ്ഞവ മനുഷ്യനെ അവന്റെ അന്വേഷണശ്രമത്തിൽ, അന്വേഷണബുദ്ധിയാകുന്ന വെളിച്ചത്തെ അന്തർഭാഗത്തേയ്ക്കു തിരിച്ചുവിട്ടും ആത്മാവിലേയ്ക്കു സന്ദേഹബുദ്ധിയുടെ മൂർച്ചകൂടിയ അമ്പിന്മുനയെ തുളച്ചുകയററിയും സഹായിച്ചുകൊണ്ടുനില്ക്കെ; പിന്നീടു പറഞ്ഞവ തങ്ങളുടെ തയ്യാറുള്ള സിദ്ധാന്തങ്ങളുമായി മനുഷ്യനെ അവന്റെ ഗാഢനിദ്രയിൽനിന്നുണർത്തിവിടുവാൻ ശക്തങ്ങളല്ലാതെ മിഴിയ്ക്കുന്നു. ‘ചക്രവാള’ത്തിലാകട്ടെ, നാലുപാട്ടും നമുക്കു മുകളിലും ചുററുപുറങ്ങളിലും ചോദ്യചിഹ്നം നാട്ടുന്നതിനെ കുറേക്കൂടി മേല്പോട്ടു കയററുന്നു. എന്നാൽ അവിടെയും അദ്ദേഹം നില്ക്കുന്നില്ല. ഇതിൽ അദ്ദേഹം തന്റെ ആക്ഷേപങ്ങൾക്കു കുറേക്കൂടി ശക്തികൂട്ടുന്നു; സിദ്ധാന്തങ്ങൾക്കു കുറേക്കൂടി ഉറപ്പുകൂട്ടുന്നു. അദ്ദേഹത്തിന്റെ ജീവിതത്തിലുണ്ടായ ഒരു വലിയ കഷ്ടപ്പാടിന്റെ താൽക്കാലികപ്രതിചലനമാണ് ‘കണ്ണുനീർത്തുള്ളി’—ചുററുപുറത്തുമുള്ള ലോകം പൊടിഞ്ഞുതകരുമ്പോഴത്തെ, ജീവിതത്തിലെ വല്ലാത്ത പൊട്ടിപ്പിളപ്പുകളിലൊന്നിന്റെ വക്കത്ത് ഒരു വിരൽ മാത്രമൂന്നി എപ്പോഴെന്നില്ലാതെ വീഴാൻ നില്ക്കുമ്പോഴത്തെ, അതേ, ആ ഒരു മുഹൂർത്തത്തിന്റെ പ്രതിപ്രവർത്തനമാണ്. ‘ചക്രവാള’മാകട്ടെ, ആ സവിശേഷസ്ഥിതിയുടെ രണ്ടാം തഴപ്പത്രേ; കഠിനദുഃഖംകൊ

ണ്ടുള്ള ജ്ഞാനസ്ഥാനത്തിൽനിന്നു പുനഃപ്രവൃദ്ധമായുണ്ടായ നിശ്ചയദാർഢ്യത്തെ ഇത് അവശ്യം വെളിപ്പെടുത്തുന്നു. ഇതിൽ അദ്ദേഹത്തിന്റെ കാൽവെപ്പുകൾക്ക് ഉറപ്പുകൂട്ടം. അദ്ദേഹം വത്തമാനകാലത്തെ ശാന്തതയോടുകൂടിയും ഭൂതകാലത്തെ പശ്ചാത്താപത്തോടുകൂടാതെയും ഭാവികാലത്തെ ധീരതയോടുകൂടിയും നോക്കിക്കാണുന്നു. മനുഷ്യൻ, വേണമെന്നുവെച്ചാൽക്കൂടിയും, തന്റെ ആത്മാവിനെ ഒരു നോക്കു കണ്ടു എന്നു വരില്ല; കണ്ടെത്തിയാലോ, അവൻ ആ അപൂർവഭാഗ്യത്തെ സാധാരണമായി പ്രയോജനപ്പെടുത്താതെ പോകുന്നു. 'ചക്രവാള'കത്താവു തന്റെ ആത്മാവിനെ എളുപ്പത്തിൽ നേരിട്ടു കാണുകയും അതുമായി യഥേഷ്ടം സംസാരിയ്ക്കുയും ചെയ്യുന്നു. അതുകൊണ്ടാണ് ഈ ചെറുകവിതകൾ അത്രമേൽ കടുപ്പമുള്ള കലാവിദ്യക്കണ്ണങ്ങളായിരിയ്ക്കുന്നത്. ശരിയ്ക്കു മനസ്സിലാക്കുകയും വ്യാഖ്യാനിയ്ക്കുകയും ചെയ്താൽ കലാവിദ്യ, ഏതൊരു തത്ത്വശാസ്ത്രത്തേയുംപോലെതന്നെ, ജീവിതത്തിന്റെ ഒരു കൊള്ളാവുന്ന ഊന്നുവടിയാണ്. മുകളിൽ നോക്കുമ്പോൾ കലാവിദ്യയും തത്ത്വശാസ്ത്രവും എത്രമേൽ പരസ്പരഭിന്നങ്ങളായിത്തോന്നിയാലും, അടിയിൽ രണ്ടും ഒരേ ഒന്നുതന്നെയാണ്.

ആരുടേയും വികാരങ്ങളെ അസുഖപ്പെടുത്താതിരിയ്ക്കാൻവേണ്ടി സ്വന്തം കവിതാദേവിയെ നിലയടക്കിയുടുപ്പിയ്ക്കാൻ, എളുപ്പത്തിൽ അകത്തേയ്ക്കിറങ്ങിപ്പോവാൻ വേണ്ടി സ്വന്തം ആശയത്തെ പഞ്ചസാരയിൽപ്പൊതിയാൻ, ഈ പദ്യങ്ങളിൽ കവി യാതൊരു ശ്രമവും ചെയ്തിട്ടില്ല. 'കണ്ണുനീർത്തുള്ളി'യിൽ അദ്ദേഹം തന്റെ രക്തം

വാൎന്ന ഹൃദയത്തെ ഇത്തരം കാഴ്ച കണ്ടു ശീലിച്ചിട്ടില്ലാത്ത ഒരു പരിഭ്രാന്തജനതയുടെ നോട്ടത്തിന്മുമ്പിൽ തുറന്നുകാണിയ്ക്കുന്നതിന്നു, തന്റെ ആത്മാവിന്റെ വ്രണങ്ങളെ തേച്ചുകഴുകിയതിനെ മറവില്ലാത്ത വെയിലത്ത് ഉണങ്ങാൻ വെയ്ക്കുന്നതിന്ന്, ഒട്ടും സംശയിയ്ക്കുന്നില്ല. 'ചക്രവാള'ത്തിൽ അദ്ദേഹം നമ്മുടെ വിചാരാൎദ്രതയുടെമേൽ അതിലുള്ളേടത്തോളവും ദയ കാണിയ്ക്കുന്നില്ല. നാം ഓമനിയ്ക്കുന്ന ഗുണങ്ങളേയും വിലവെയ്ക്കുന്ന ദോഷങ്ങളേയും പെറുക്കിയെടുത്തു വേൎതിരിച്ച സ്ഫടികക്കുഴലുകളിലാക്കി വെച്ചുകാണുന്നതു നമുക്ക് അസുഖകരമായിരിയ്ക്കും. നമ്മൾ മാറോടണച്ചു താലോലിയ്ക്കുന്ന നമ്മുടെ ചിരന്തനങ്ങളായ മിഥ്യാഭ്രമങ്ങളെ അടൎത്തിയെടുക്കുക എന്ന കാൎയ്യം—അതേ, ഇതേതാണ്ടൊരക്രമമാണ്! തത്വജ്ഞാനികൾ പലപ്പോഴും അതിന്നു ശ്രമിയ്ക്കുന്നു, കവികൾ ചുരുക്കമായും—പക്ഷേ കവികളുടെ ശ്രമം അധികം ഫലത്തിൽക്കൊള്ളും. നാലപ്പാട്ടാകട്ടെ, ഫലപ്രദമായും വിജയപ്രദമായും നമുക്ക പ്രയോജനപ്രദമായും അതിന്നുദ്യമിയ്ക്കുന്ന ഒരു കവിയാണ്.

ഈ കവിയുടെ കയ്യിൽ നമ്മൾ നിസ്സഹായരായിപ്പോകുന്നു. അദ്ദേഹം ഒരു കൊടുംകാററിന്റെ മഹാവേഗത്തോടുകൂടി നമ്മെ ഒരു വികാരാവേശത്തിലേയ്ക്കു ചുഴററിയെറിയുകയും, പെട്ടെന്നുള്ള തന്റെ തിരിച്ചിലുകളിലൊന്നിൽ താൻതന്നെ സ്വമേധയാ നമ്മെ മറെറാരു വികാരത്തിലേയ്ക്കു തട്ടിയിടുന്നതുവരെ അവിടെത്തന്നെ കെട്ടിയിടുകയും ചെയ്യുന്നു. അദ്ദേഹം ഒരു മണൽത്തരിയെ കുറിച്ചുനോക്കാൻ പുറപ്പെടുന്നപക്ഷം, അതിന്നു

ളളിൽ പ്രപഞ്ചത്തിൻെറ സ്വരൂപം മുഴുവനും അടക്കുക യും, അതിനെക്കൊണ്ടു ബ്രഹ്മത്തെ അളക്കുകയും, അതി നെ അളക്കുന്നതിന്നു ബ്രഹ്മത്തെ ഒരു വാരക്കോലാക്കുക യും ചെയ്യുന്നു. വല്ല ഒഴിവുസമയത്തും അദ്ദേഹം തൻെറ നിഴലിനെ നോക്കിക്കാണുന്ന പക്ഷം, അതിനെ, അതി ൽനിന്നു കണ്ണെടുക്കുന്നതിന്നുമുമ്പായി, പ്രാപഞ്ചികപരി ണാമത്തിലുള്ള മനുഷ്യരൂപത്തെ പ്രതിഫലിപ്പിച്ചുകാട്ടു ന്ന ഒരു നിൎമ്മലവസ്തുവായി മാററിക്കളയുന്നു. അതിലേ യ്ക്കു സൂക്ഷിച്ചുനോക്കുന്ന നമുക്ക് ഈശ്വരനിലും ഈശ്വ രനിലൂടെയും കാണാൻ കഴിയാത്ത യാതൊന്നും ലോകത്തി ലില്ലെന്നു പ്രത്യക്ഷമാക്കാൻ ഒരു നിസ്സാരമാൎഗ്ഗം കൈ ക്കൊണ്ട ശ്രീകൃഷ്ണൻെറ തുറന്ന വായയ്ക്കു മുമ്പിൽ നില്ക്കുന്ന യശോദയുടെ അനുഭവമുണ്ടാകുന്നു. അദ്ദേഹത്തിൻെറ സൂ ക്ഷ്മപരീക്ഷകമായ കൈപ്പിടിയിൽപ്പെട്ട ഒരു നിസ്സാരമാ യ പുല്ലിൻകൊടി, ചൈതന്യവത്തായ ആലോചനാശീ ലംകൊണ്ട്, ഉടമസ്ഥനെ ആത്മാനുഭൂതിയിലേയ്ക്കു തെ ററാതെ കൂട്ടിക്കൊണ്ടുപോകുന്ന ഒരു യഥാൎത്ഥയോഗിയു ടെ യോഗദണ്ഡായി രൂപാന്തരപ്പെടുന്നു. കേരളീയഗൃ ഹങ്ങൾ രാവിനേയും പകലിനേയും എതിരേല്ക്കുന്നതി ന്നു കൊളുത്തിക്കാട്ടാറുള്ള മംഗലദീപങ്ങളെക്കൊണ്ട് അ ദ്ദേഹം കൎമ്മകെട്ടുക്കിൻെറ കെട്ടഴിയ്ക്കുന്നു. അദ്ദേഹം ഒ രു രാഗമാലാപിയ്ക്കുന്ന പക്ഷം, അതിനെ ആദ്യപല്ലവി യോടുകൂടി നിൎത്തിക്കളയുന്നില്ല; അതിൻെറ അങ്ങേ അ ററത്തോളം, ശാശ്വതത്വത്തിലേയ്ക്ക് ഉരസിയിറങ്ങുന്ന ആ അവസാനമൂലക്കത്തോളം, അതിനെ നീട്ടിക്കൊണ്ടു പോകുന്നു. അദ്ദേഹത്തിൻെറ മേല്പോട്ടു കുതിയ്ക്കുന്ന ആ

ത്മാവുമായുള്ള സമ്പർക്കത്തിൽ, അദ്ദേഹത്തിന്റെ ഇന്ദ്രജാലപഞ്ജരികയുടെ സ്പർശത്തിൽ, മന്ദവസ്തുക്കൾ അവിശ്വസനീയവേഗത്തോടുകൂടി തള്ളിപ്പുറപ്പെടുകയും, ഉയിക്കൊള്ളുകയും, ഉയർച്ച നേടുകയും, ഭയങ്കരമായ ചുവടുകളത്തോടുകൂടി പായാൻ തുടങ്ങുകയും ചെയ്യുന്നു. അദ്ദേഹം വെളിപ്പെടുത്തുന്ന ലോകം അതിന്റെ അപാരതകൊണ്ടു നമ്മെ അമ്പരപ്പിയ്ക്കുന്നു. അതിന്റെ വ്യാപ്തി നമുക്ക് ഒരു ദൂരബുദ്ധിയെ, ശിഥിലങ്ങളായ മനുഷ്യജീവിതങ്ങളിൽ നിന്ന് ഒരകൽച്ചയുണ്ടെന്നുള്ള ബോധത്തെ, ഉളവാക്കുന്നു. വെളിച്ചങ്ങൾ മാറിമാറിക്കൊണ്ടിരിയ്ക്കുന്നു; പുതിയ നിഴൽപ്പാടുകൾ ലോകത്തിന്റെ അടിനിലത്തു ചിന്നുന്നു; ആകാശമണ്ഡലം പുതിയ അഗാധതകളെ അവലംബിയ്ക്കുന്നു. അദ്ദേഹത്തിന്റെ കവിതകളിൽനിന്നു പൊന്തി അപാരതയിലേയ്ക്കു കയറിനില്ക്കുന്ന ആ ചമൽക്കാരമയമായ ഭാവനാവിശേഷത്തിന്റെ മഹത്തായ പിരിയൻകോണിയുടെ മുമ്പിൽ നമ്മൾ മിഴിച്ചുനില്ക്കുന്നു.

ഈ കവിതകളിൽ ആഡംബരവും മനോഹാരിതയും ധാരാളമായുണ്ട്. അപ്പോൾത്തന്നെ, കവിയുടെ ആഡംബരത്തിന്റേയും മനോഹാരിതയുടേയും പിന്നിൽ നീറിക്കത്തുന്ന ചൂടിന്റെ, ഇരുട്ടുംകൂടിയ കനലിന്റെ, അനുഭവം കാണപ്പെടുന്നു. ജീവിതത്തിന്റെ ലഹളപിടിച്ച സമൃദ്ധിയ്ക്കിടയിൽ അദ്ദേഹം മരണത്തിന്റെ മരവിച്ച നിഴൽപ്പാടു നമുക്കനുഭവപ്പെടുത്തുന്നു. മരണത്തിന്റെ നിശ്ശബ്ദതയ്ക്കിടയിൽ ജീവിതത്തിന്റെ ഹൃദയസ്പന്ദനം നമുക്കു കേൾക്കാറാകുന്നു. നമുക്കു ജീവിതത്തെ സ്പഷ്ടമാ

യും പരിപൂൎണ്ണമായും നോക്കിക്കാണാതെ നിവൃത്തിയില്ലെന്നാവുന്നു. പകലും രാവും, ഭൂമിയും സ്വൎഗ്ഗവും, സൂൎയ്യനും നക്ഷത്രങ്ങളും, ജീവിതവും മരണവും, സുഖവും ദുഃഖവും—ഓരോന്നും സകലവും—അദ്ദേഹം ഒരേ കൈത്തൊണ്ടിൽ, ശാശ്വതത്വമാകുന്ന—സത്യസ്ഥിതിയാകുന്ന—കൈത്തൊണ്ടിൽ, ശേഖരിയ്ക്കുകയും, അവയെ ഓരോന്നായും മുഴുവനായും, അവയുടെ ശരിയായ കാഴ്ചപ്പാടിൽ, വിശേഷിച്ചും ഏകത്വത്തിൽ—ഒരേ ഒന്നെന്ന നിലയിൽ—വെളിപ്പെടുത്തിക്കാണിയ്ക്കുകയും ചെയ്യുന്നു. എന്റെ നോട്ടത്തിൽ ഇതാണ് 'ചക്രവാള'ത്തിന്റെ അടിയിലുള്ള ആശയം. ഈ ആശയത്തിൽ എത്തിച്ചേരുന്നതോടുകൂടി, നമ്മുടെ കവി, കാവ്യകലയ്ക്കു തികച്ചും യോജിച്ചുള്ള നിലയിൽനിന്ന് ഒരു നിമിഷമെങ്കിലും പതറിപ്പോകാതെ, ഗോളങ്ങളിൽനിന്നു ഗോളങ്ങളിലെയ്ക്കായി കുതികുതിയ്ക്കുന്നു; അദ്ദേഹത്തിന്റെ ആ ചുവടകലങ്ങൾക്കിടയിൽനിന്നു നാം ശതാബ്ദങ്ങളുടെ ചിറകടിശ്ശബ്ദം ചെവിക്കൊള്ളുകയും ചെയ്യുന്നു.

കൽക്കത്ത,<br>9 ഫിബ്രവരി '33.

വി. മാധവൻനായർ.

## വായനക്കാക്ക്.

ജിജ്ഞാസുക്കളേ, ഈ അസാധാരണമായ ഭാവനാഹ്രദത്തിൻെറ നിർവ്വൃതിപ്രദമായ മനോഹാരിതയെ സഞ്ചരിച്ചുകാണുവാൻ നിങ്ങൾക്ക് എൻെറ ഈ ചെറുതോണി ആവശ്യമാണ്; പക്ഷേ, നിങ്ങൾ ഇതിലിരുന്നു സ്വന്തം ആലോചനാന്തുലിട്ട് അതിൻെറ സാർവത്രികമായ അഗാധതയെ അളന്നറിവാൻ ഒരുക്കമില്ലെങ്കിൽ, നിങ്ങൾ വഞ്ചിതരായിപ്പോവും.

വ്യാഖ്യാതാവ്.

SHREE KRISHNA VILASOM GRANDHASALA
...DRUM
MALAYINKIL

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

# ചക്രവാളം.

(മാകന്ദമഞ്ജരി)

# ചക്രവാളം.

## I

എൻതങ്കക്കുഞ്ഞിളംകൈവിരലാലൊരു
മൺതരി നുള്ളിയെൻകയ്യിൽ വെച്ചു
ചന്തം തിരളുമച്ചെംകവിൾ ചുംബിച്ചാ-
നന്തിക്കതിരോനു,മെന്നെപ്പോലെ.

കുട്ടിതൻസമ്മാനം ദൃഷ്ട്യാ നുകർന്നതി-
ലൊട്ടിടയ്ക്കുള്ളവും കുട്ടിയായ്പ്പോയ്:
ആരെയും കൊച്ചുകിടാങ്ങളെപ്പോലാക്കാൻ
പോരുമിങ്ങേതു പരമാണുവും!
ഭൂമണ്ഡലത്തിനെക്കൊഞ്ചിപ്പറയുന്നി-
തീ മഞ്ജുരൂപത്തിലീ മൺതരി;
നമ്മെപ്പോലെത്രയോ ജീവികളുണ്ടാവാം
കർമ്മത്താൽക്കൈക്കെ നൊന്തുകൊണ്ടിതിലും;
അല്ലെങ്കിലംബരചാരിതൻ നക്ഷത്ര-
മല്ലിതോരോന്നുമെന്നാർക്കറിയാം!

---

ഒരു നിസ്സാരസംഭവം, ഒരാൾക്ക് ഈ പ്രപഞ്ചത്തിന്റെമേൽ മുഴുവൻ ഒതുങ്ങാത്ത സ്നേഹം ഉത്ഭവിയ്ക്കുക എന്ന ഒരു മഹത്തായ കാര്യമായിപ്പരിണമിയ്ക്കുന്നു:—

പാര 1. പ്രത്യക്ഷേശ്വരനായ സൂര്യൻ അർത്ഥവത്തായ ഈ നിസ്സാരസംഭവത്തെ ഓമനിച്ചു; ഈശ്വരന്റെ ഈ പ്രത്യക്ഷീഭാവം ക്ഷണമാത്രസ്ഥായിയാണെന്ന് 'അന്തിക്കതിരോൻ' എന്ന പദം സൂചിപ്പിയ്ക്കുന്നു.

പാര 2. 'അച്ഛൻ'—കുട്ടിയുടെ ഈ അത്ഭുതസമ്മാനത്തിൽ ദൃഷ്ടിപതിപ്പിച്ച പിതൃവാത്സല്യമാണ് ഏതു പരമാണുവിലും പ്രപഞ്ചമുണ്ടെന്നു

അന്യസൌരഗ്രഹമണ്ഡലമൊന്നിതി-
ലന്തർഭവിച്ചിട്ടുണ്ടെന്നും വരാം!
പപ്പടപ്രായമാണേതിനോ പൂർണ്ണത,-
യക്കണ്ണിനൊക്കെച്ചെറുതുതന്നെ.

പാരിനിപ്പെതങ്ങൾതൻ കഴൽ തട്ടുമ്പോൾ-
ക്കോരിത്തരിപ്പതോ മൺതരികൾ —
അപ്പരാശക്തിതൻ വാത്സല്യവായ്പിനെ-
ത്തപ്പിക്കുറിച്ചിടുമക്ഷരങ്ങൾ —
ബ്രഹ്മാണ്ഡകോടിയെക്കൂട്ടിവിളക്കിടും
നിർമ്മാതാവിന്റെ പശപ്പൊടികൾ —
കാരണരൂപത്തിൻ നൽപ്രതിബിംബത്തെ-
ക്കാണിയ്ക്കും കണ്ണാടിച്ചില്ത്തരികൾ?
എമ്മട്ടു നിങ്ങളെത്തൊട്ടുതലോടേണ്ടൂ
ചുമ്മാ വലുതായ മൽക്കരങ്ങൾ!

---

കാണിച്ചുകൊടുത്തത്; സ്നേഹത്തിലൂടെയാണ് സ്നേഹത്തിൽ ചെന്നെത്തുന്നതെന്നഭിപ്രായം. ഏതു പരമാണുവിലും പ്രപഞ്ചം മുഴുവനുമുണ്ടെന്നതിനെ അടുത്ത വരികളിൽ സ്മരിയ്ക്കുന്നു. 'പൂർണ്ണത'—ആകാശം, 'പപ്പടപ്രായം'—ചക്രവാളാകാരമായിത്തോന്നുവല്ലോ; അതിനാൽ കാഴ്ചയിലുള്ള ചെറുപ്പം, വലിപ്പമില്ലായ്മയ്ക്കു തെളിവല്ല.

പാര 3. നോക്കി നോക്കി സ്നേഹത്തിൽ മുഴുകുകയാൽ മൺതരിയെ നാനാരൂപത്തിൽ വർണ്ണിയ്ക്കുന്നു. 'ചുമ്മാ വലുതായ'—ചെറിയവയോടുള്ള സ്നേഹം കാണിയ്ക്കാൻ വയ്യാത്തവിധം, മനുഷ്യൻ അത്രയ്ക്കു വലുതാവുന്നതിനെപ്പററി വ്യസനിയ്ക്കുന്നു.

അല്ലെങ്കിലേതൊരു മൺതരിയ്ക്കുള്ളിലു-
മില്ലാത്തതൊന്നുമില്ലെങ്ങുമെങ്കിൽ —
ഈയൊരു കാൽക്ഷണത്തിങ്കലൊതുങ്ങാതെ-
യില്ലൊരു കാലാന്തരവുമെങ്കിൽ —
ഇപ്പരമാണുവും ബ്രഹ്മാണ്ഡമൊക്കെയു-
മെപ്പൊഴുമിങ്ങു ഞാൻ പുൽകിനില്പൂ!

---

പാര 4. 'അല്ലെങ്കിൽ'—മനോവ്യാപാരങ്ങൾക്കു ശരീരചേഷ്ടകൾ ഉപാധിയല്ലായ്കയാൽ. എത്ര ചെറുതായ ഒരു പരമാണുവിനെയെങ്കിലും സ്നേഹിച്ചാൽ, പ്രപഞ്ചത്തെ മുഴുവൻ സ്നേഹിച്ചതുപോലെയായി; ആ സ്നേഹം ഒരു കാൽക്ഷണമെങ്കിലും നിലനിന്നാൽ, എന്നെന്നേയ്ക്കും സ്നേഹിച്ചതുപോലെയുമായി.

ഈ മനോവൃത്തിയോടുകൂടി—ഈ അപാരവും ശാശ്വതവുമായ സ്നേഹത്തോടുകൂടി—ഒരാൾ ചക്രവാളത്തിലെ പരിവർത്തനഭേദങ്ങളെ—ജീവിതാനുഭവങ്ങളെ—നോക്കിക്കാണട്ടെ; അപ്പോൾ അയാൾക്കു, താഴെ കാണുന്നവിധം, സർവ്വഗതമായ ഐക്യം വെളിപ്പെടുന്നതാണ്.

II

സൂക്ഷിച്ചുനോക്കുന്നു, പുഞ്ചിരിക്കൊള്ളുന്നു,
കാൽക്ഷണം ഹാ, നെടുവീർപ്പിടുന്നു —
ലോകത്തിൻകയ്യിലും കിട്ടിയിട്ടുണ്ടു ഞാ-
നാകും മണൽത്തരിയെന്നിവണ്ണം.

എന്നോ മുളച്ചതീ നിൻചിന്ത, ലോകമേ,
ഇന്നുമിതാ നില്പിൽത്തന്നെ നില്പൂ!
നിൻനിമേഷങ്ങളിങ്ങോരോ തിരിയുമായ്
വന്നിടും, നേരേ തിരിച്ചുപോവും;
ആകാശമത്രയ്ക്കകന്നു നിന്നെൻറമേ-
ലേകാഗ്രമൂന്നുന്ന ദൃഷ്ടികളെ;
അജ്ജഗൽപ്രാണനുമേതെല്ലാം മട്ടിലോ
നിച്ചിലും തൊട്ടുതടവീടുന്നു;

---

അങ്ങോട്ടു സ്നേഹിച്ചാൽ, ഇങ്ങോട്ടും താനേ സ്നേഹം ജനിക്കും; ലോകം തന്നെയും സ്നേഹിയ്ക്കുന്നതായി കവി കാണുന്നു:—

പാര 1. സ്നേഹപൂർവ്വമായ കൈക്കൊള്ളലിൽ സാധാരണങ്ങളായ ഭാവവിശേഷങ്ങൾ ലോകത്തിന്നും കാണുന്നു: 'സൂക്ഷിച്ചുനോക്കുന്നു' —ജ്യോതിർഗ്ഗോളങ്ങളെക്കൊണ്ട്. 'പുഞ്ചിരിക്കൊള്ളുന്നു'—വെളിച്ചംകൊണ്ട്. 'നെടുവീർപ്പിടുന്നു'—കാററുകൊണ്ട്.

പാര 2. 'നില്പിൽത്തന്നെ നില്പൂ'—എവിടെനിന്ന് ആലോചന തുടങ്ങിയോ, അവിടെത്തന്നെ നിൽക്കുന്നു. 'എന്നോ' എന്നതിനെ വിവരിയ്ക്കുന്നു: പരിണാമ (എവല്യൂഷൻ) ശാസ്ത്രപ്രകാരം, ആദ്യത്തെ കേവലതമസ്സു ലോകാകാരമായതു, ദിവസങ്ങൾ ('നിൻനിമേഷങ്ങൾ') ചെല്ലുകയാണല്ലോ. 'ആകാശം......നിന്ന്'—ഭൂമി ആകാശം എന്നിവ വേർതിരിഞ്ഞു. 'ഏകാഗ്ര...... ദൃഷ്ടികളെ'—വിദൂരങ്ങളായ നക്ഷത്രങ്ങൾ ദൃഷ്ടിഗോചരങ്ങളായിത്തുടങ്ങി. 'ഏതെല്ലാം മട്ടിലോ'—ക്രമേണ പ്രാണിവർഗ്ഗം ഉണ്ടാ

ഏതു വിരൽക്കുമെടുത്തിടാമെൻതൊലി,-
യേതിനും പിന്നിലുണ്ടത്രയത്ര;
നോക്കിഗ്ഗണിപ്പാനതാതു പാത്രങ്ങളി-
ലാക്കിയളന്നു നീയെന്നെ മേന്മേൽ;
തീൎച്ച വരായ്കയാലപ്പപ്പോളോരോരോ
തീച്ചൂളതന്നിലും വെച്ചുനോക്കി—
എന്നോ മുളച്ചതീ നിൻചിന്ത, ലോകമേ,
ഇന്നുമിതാ നില്പിൽത്തന്നെ നില്പൂ!

അത്ഭുതമാകിയ വസ്തുവിലിത്രയു-
മുൾപ്രീതികൊള്ളുന്ന നീ ജഗത്തേ,
പുൽക്കട്ടയായിട്ടും പൂന്തിങ്കളായിട്ടും
നില്ക്കുന്ന മാഹേന്ദ്രജാലലീലേ,
നിത്യമാം പ്രേമത്തെയെങ്ങു സമൎപ്പിയ്ക്കു-
മത്യുത്ഭുതാത്മാവാമെന്നിലെന്നോ?

---

യിവരികയാൽ, മുമ്പു പുറമേമാത്രം പെരുമാറിക്കണ്ടിരുന്ന വായു, ശ്വാസോച്ഛ്വാസരൂപേണ അകത്തും പെരുമാറിത്തുടങ്ങി. 'ഏതു......ത്രയത്ര'—ആദ്യത്തിൽ എന്തായാലും മരിയ്ക്കാതെ കിടന്നിരുന്ന ജീവികൾ, ക്രമേണ നിസ്സാരകാരണങ്ങളെക്കൊണ്ടു മരിച്ചുതുടങ്ങി; തന്മൂലം ജനനവും മുറുകിത്തുടങ്ങി. 'അതാതു പാത്രങ്ങളിൽ'—പലേമാതിരി ദേഹങ്ങളിലും. ജീവികളുടെ വൎഗ്ഗവിഭാഗങ്ങൾ വൎദ്ധിച്ചുവന്നു എന്നു താല്പൎയ്യം. 'തീച്ചൂള'—ദുഃഖാനുഭവം. പരിണാമഗതിയിൽ മേല്പോട്ടു കയറിക്കയറി വന്നവൎക്കാണല്ലോ, ദുഃഖകാരണങ്ങൾ അധികമാവുന്നത്. ഈ പരിണാമഗതികളെല്ലാം, കവി, തന്നെസ്സംബന്ധിച്ച ലോകത്തിന്റെ തത്വാന്വേഷണങ്ങളാണെന്നു സങ്കല്പിയ്ക്കുന്നു.

പാര 3. അത്ഭുതങ്ങളിൽ അതിശ്രദ്ധാലുവായ ലോകം, അത്ഭുതാത്ഭുതമായ ഒരു വസ്തുവിനെ എങ്ങിനെ സ്നേഹിയ്ക്കാതിരിയ്ക്കും? അത്ഭുതം ബഹുമാനത്തിന്റെ പൂൎവ്വരൂപമാണല്ലോ; മണൽത്തരിയെ അത്ഭുതബ്രഹ്മാണ്ഡമായും, പ്രപഞ്ചത്തിനു് ഒരു വ്യക്തി അത്ഭുതവസ്തുവായും വൎണ്ണിയ്ക്കുന്ന കവി, സ്നേഹം ബഹുമാനജന്യമാണെന്നഭിപ്രായപ്പെടുന്നു.

## III

അല്ലിനെപ്പൂണ്ടൊന്നുകൂടി സ്ഫുടം യാത്ര
ചൊല്ലി നടന്ന പകലിതല്ലോ,
തന്നെത്തേടിയെത്തും രാത്രിതൻ നെററിമേൽ-
പ്പിന്നെയും രാഗാൽ മുകർന്നുനില്പൂ!

ക്രൂരിരുൾച്ചാർത്തിനെച്ചെങ്കതിർക്കൈകൊണ്ടു
ദൂരത്തു തള്ളിയ വാനം വീണ്ടും
വാരിയെടുത്തു പുൽകുന്നു വെളിപ്പെട്ട
താരകരോമാഞ്ചമാന്നതിനെ;

---

സർവ്വഥാ പരസ്പരഭിന്നങ്ങളായ ദിനരാത്രികൾപോലും—എല്ലാ ദ-ന്ദ്വങ്ങളും—സ്നേഹപൂർണ്ണമായ ദൃഷ്ടിയിൽ തികച്ചും ഐക്യം കൊള്ളുന്നതായിക്കാണുന്നു.

പാര 1. മലിനപ്രകൃതിയായ രാത്രിയോടുള്ള സമ്പക്കത്തിൽ ധമ്മബോധത്താൽ അനിഷ്ടംതോന്നി അവളെ ഉപേക്ഷിച്ചുപോന്ന പകലിൻെറ സ്ഥിതി: 'പൂണ്ട്'—ഉപേക്ഷിയ്ക്കുന്നതിലുള്ള വ്യസനം വ്യഞ്ജിയ്ക്കുന്നു. 'ഒന്നുകൂടി'—ഓരോ ദിവസവും ഇതുണ്ടാകാറുണ്ടല്ലോ. 'സ്ഫുടം'—സർവ്വജീവികളും ഉണർന്നു നോക്കുന്ന പ്രഭാതത്തിൽ; പരസ്യമായിച്ചെയ്യുന്ന നിശ്ചയത്തെ ലംഘിയ്ക്കുവാൻ ആർക്കും ശങ്കകൂടും. 'രാത്രിതൻ......രാഗാൽ'—നിശാമുഖത്തിലാണല്ലോ അന്തിത്തുടുപ്പുണ്ടാവുന്നത്. 'മുകർന്നു നില്പൂ'—പുനസ്സമാഗമത്തിലുള്ള സന്തോഷം.

പാര 2. ഈ പിരിഞ്ഞവരുടെ പുനസ്സമാഗമം ലോകത്തിലാകെ കാണുന്നു: 'ചെങ്കതിർ'—ഉഷഃപ്രകാശം. 'വാരിയെടുത്തു'—സന്ധ്യ മയങ്ങുന്നതോടുകൂടി, ഇരുട്ടു ഭൂമിയിൽ നിന്ന് ആകാശത്തെയ്ക്കു പൊങ്ങുന്നതായിട്ടാണല്ലോ കാണുന്നത്. 'വാനം'—ഭൗതികമായ മായ പ്രപഞ്ചം. സൂര്യൻ പൊന്തിവരുന്നതോടുകൂടി, നിഴലുകൾ

എന്തിനെപ്പേടിച്ചു സർവ്വചരാചരം
തൻതൻനിഴലിനെപ്പേർത്തും പേർത്തും
ആത്മാവിലെയ്ക്കൂട്ടപ്പിച്ചുപോന്നു ക്രമാ,-
ലപ്പൂർണ്ണതേജസ്സിരുട്ടിൽ മുങ്ങി;
സൌരമാർഗ്ഗത്തിലെയ്ക്കായിപ്പറന്നവ-
യോരോന്നും താനേ മടങ്ങിയെത്തി
ഇത്തമോവാസ്സുതൻ ചേലച്ചുളികളിൽ-
ക്കത്തിത്തിരുകുന്നു കൊച്ചുമുഖം;
മുററുമഗാധതയ്ക്കുള്ളിലങ്ങങ്ങു പോയ്-
പ്പുററിപ്പതുങ്ങിയിരുന്ന ക്രൂരർ
അത്രമേലാഹ്ലാദം കൊണ്ടു, തദ്ദൃഷ്ടിക-
ളെത്തിവിളങ്ങിയാ വാനിടത്തും—
ഇന്നെന്ന വസ്തുവെയിന്നലെയാക്കവേ-
ന്നന്നിയ കൈമുറുക്കത്തിനുള്ളിൽ
തമ്മിൽപ്പിടിച്ചുപൂട്ടുന്നു ധരിത്രിയു-
മംബരവും, പകലല്ലുകളും.
ആകെയൊന്നാകെയൊന്നെന്നുരുവിട്ടേവ-
മാത്മാവിൽച്ചെന്നലയിച്ചു ലോകം!

---

ക്ക നീളം കുറഞ്ഞുവരുന്നതാണ് 'ആത്മാവിലെയ്ക്കൂട്ടപ്പിക്കൽ'; ചരാചരങ്ങൾക്ക് അവയെ വിട്ടുകൊടുപ്പാൻ മനസ്സില്ല! 'നിഴൽ'—അഹംകാരം [വ്യക്തിത്വം]. 'സൌര......പറന്നവ'—പറവകൾ [അലൌകികങ്ങളായ തത്വചിന്തകൾ]. 'തമോ......ചുളികൾ'—ഇരുണ്ട മരപ്പൊത്തുകൾ. 'അഗാധത......ക്രൂരർ'—രാത്രിചാരികളായ തിര്യക്കുകൾ [ഗോപ്യങ്ങളായ ദുർവ്വികാരങ്ങൾ]. 'തദ്ദൃഷ്ടി......വാനിടത്തും'—ആഹ്ലാദോന്മുഖങ്ങളായി മിന്നുന്ന കണ്ണുകളുടെ പ്രതിബിംബങ്ങളാണ്, ഉജ്ജ്വലനക്ഷത്രങ്ങൾ എന്നു കല്പനം. 'ഇന്ന്'—അനുഭവാവസരത്തിൽ—പരസ്പരവിരുദ്ധങ്ങളായി വെച്ചിരുന്നവ, 'ഇന്നലെ'യായി—ഭൂതകാലത്തിലായി(സഞ്ചിതകർമ്മമായി)—കഴിഞ്ഞാൽ, ഏകീഭവിച്ചു കാണപ്പെടുന്നു എന്നു താൽപര്യം. അവയെല്ലാററിൽനിന്നുംകൂടിയാണല്ലോ, ഭാവി (പ്രാരബ്ധകർമ്മം) ഉണ്ടാവുന്നത്.

രാവിൻെറ ജോലിത്തിരട്ടിത്തും ചെമ്മഷി-
ത്തുവലാൽച്ചോടേ വരഞ്ഞുതള്ളി,
കാലേ പകലിന്നന്തിയെക്കൊണ്ടിതേ
ക്രൂപിയെന്നാക്കിയ നിത്യത്വക്കെ!
'എന്തിതെ'ന്നിച്ചോദ്യമിട്ടനിന്നാളശ്രു-
ചിന്തിയ പുൽകളാലൂഴി വീണ്ടും.
ഉത്തരം കിട്ടാഞ്ഞിട്ടിയ്യോരേ ചോദ്യമാ-
വർത്തിയ്ക്കലല്ലല്ലീ ജീവിതങ്ങൾ!

അല്ലെങ്കിലെന്നമ്മ കത്തിയ്ക്കും കൈത്തിരി-
യല്ലയോ ലോകവിജ്ഞാനദീപം?
ആരാർ പകലിനും രാവിനും തായമാ-
രാ, രണ്ടുപേക്കുമെൻക്രൂപ്പുകൈകൾ.

---

പാര 3. 'രാവിൻെറ......ത്തിരട്ടിത്തും'—സവ്ഗതമായ ഐക്യമുണ്ടാക്കിയ ഈ പ്രവൃത്തിക്രമം. 'ചെമ്മഷി'—പ്രഭാതത്തുടുപ്പ്. 'പകലിന്'—ഓരോന്നിനേയും അതാതാക്കിത്തിരിച്ച പകലിന്ന്. 'അന്തിയെക്കൊണ്ട്'—ഇതും ചുവന്ന മഷിതന്നെ. 'ഇതേ'—ചോടേ വരച്ചുതള്ളൽ. [മേൽനോട്ടക്കാർ, ശരിയല്ലാത്ത കണക്കിന്നു ചുവടേ ചുവന്ന മഷികൊണ്ടു വരയ്ക്കുകയാണല്ലോ പതിവ്]. രാപ്പകലുകളുടെ ഈ പരസ്പരഭിന്നങ്ങളായ രണ്ടു പ്രവൃത്തികളും ശരിയല്ലെന്നിരിയ്ക്കിൽ, 'ഇനിയെന്തു വേണ്ടു' എന്നു ഭൂമി വിഷാദിയ്ക്കുന്നു. [പ്രഭാതത്തിൽ, അററത്തു മഞ്ഞുതുള്ളി പററിരല വളഞ്ഞുനിൽക്കുന്ന പുല്ലുകളെ ചോദ്യചിന്നങ്ങളായിക്കല്പിച്ചിരിയ്ക്കുന്നു ]

പാര 4. 'അല്ലെങ്കിൽ'—രാപ്പകലുകളിൽ ഏതാണ് സപിീകാര്യം എന്ന ചോദ്യം വ്യത്ഥമാണ്; രണ്ടും ആരാധനീയമാണെന്നു പറയുന്നു: 'എന്നമ്മ......കൈത്തിരി'—കേരളീയഗൃഹങ്ങളിൽ, പ്രഭാതത്തിലും സായംകാലത്തും 'വിളക്കു കൊളുത്തിക്കാട്ടുക' പതിവുണ്ടല്ലോ. 'ആ രണ്ടു പേക്കും'—ഉഷസ്സിന്നും, സന്ധ്യയ്ക്കും.

## IV

ഇന്നൊന്നു നോക്കുകെന്നെൻകണ്ണിലുമ്മവെ-
യ്ക്കുന്നിതുഷസ്സിനാലൂഴി വീണ്ടും!

ഗാഢമാമെൻപരിരംഭത്തെയേറ്റെടു-
ത്തീടാൻ വളരും ചരാചരത്തിൽ
വൃത്താകാരത്തിലല്ലാതില്ല മെയ്യെന്നു
പൃഥ്വിയ്ക്കുദിയ്ക്കുന്ന തൃപ്പുഞ്ചിരി.
സസ്യപ്രകൃതിയോ, തൻജീവരക്തത്തിൽ-
സ്സശ്രദ്ധം മുക്കിയ സങ്കല്പത്താൽ
എന്നെക്കുറിച്ചു കുറിച്ചു ചെംപല്ലവ-
ഖണ്ഡകാവ്യങ്ങളെയേന്തിനില്പൂ.
ഏതൊലിവെള്ളവുമെൻജീവിതഗതി-
ഭേദത്തെ നാനാസ്വരങ്ങളോടേ

---

പാര 1. ഊഴി വിഷാദിയ്ക്കുന്നതായി വിചാരിച്ചതു, പക്ഷേ, പിഴച്ചിരിയ്ക്കാം; അവളതാ, പകലിന്റെ മാഹാത്മ്യങ്ങളെ നോക്കുവാൻ പ്രേരിയ്ക്കുന്നു:

പാര 2. പകൽ ലോകത്തിൽ എന്തു കാണിച്ചുതരുന്നു? ചരാചരങ്ങൾ മുഴുവൻ ആലിംഗനം ചെയ്യപ്പെടുവാൻവേണ്ടിത്തന്നെ വളരുന്നവയാണ്. പരമാണുതത്ത്വത്തിലേയ്ക്കു നോക്കിയാൽ എല്ലാം ഒന്നാണെന്നു സൂചിപ്പിയ്ക്കുകയാണ്, ചരാചരങ്ങളുടെ വൃത്താകാരത്വം ചെയ്യുന്നതെന്നു താല്പര്യം. ലോകത്തിന്റെ ഈ സ്നേഹമയത്വം, കവിദൃഷ്ടിയിൽ കലാരൂപേണ, ജീവിതോൽക്കർഷത്തെ എടുത്തുകാണിയ്ക്കുന്നതായി അടുത്ത വരികളിൽ വിവരിയ്ക്കുന്നു: 'എന്നെക്കുറിച്ചു കുറിച്ചു'—സസ്യപ്രകൃതിയുടെ വളർച്ച്, മനുഷ്യന്റെ വളർച്ചയെ ചമൽക്കൃതമായി (ഖണ്ഡകാവ്യരൂപേണ) കാണിയ്ക്കുകയാണ് ചെയ്യുന്നത്. 'ഏതൊലി......പാടുന്നു'—ജീവിതത്താൽ വ്യവസ്ഥാപിതമായ ആത്മാവിന്റെ സംസ്ഥു

പാടുന്നു, പാട്ടാൽപ്പതിഞ്ഞ പടങ്ങളെ-
ക്കൂടിട്ടുവെപ്പൂ തടങ്ങളെങ്ങും.
വർണ്ണവൈചിത്ര്യത്തിൽബ് ഭംഗീവൈവിധ്യത്തിൽ
നിർന്നിമേഷാക്കന്റെ കൌതൂഹലം
നമ്മുകിൽത്തുണ്ടുകളാക്കി നിരത്തുന്നു-
ണ്ടെൻമനോവൃത്തിശതത്തെ വാനിൽ.
ശാശ്വതത്വത്തി,ലപാരതയിങ്ക,ലെൻ
സാശ്ചര്യസപ്രേമചുംബനത്തെ
നക്ഷത്രമാക്കിയെടുത്തു സൂക്ഷിയ്ക്കുന്നു-
ണ്ടക്ഷണമക്ഷീണമന്ധകാരം.
നില്ക്കട്ടെ,യപ്പോയ നാളെയിലേതിലു-
മിക്കണ്ടതൊക്കെയുണ്ടായിരുന്നു!

---

രണവും, ഇരുകരകളാൽ വ്യവസ്ഥാപിതമായ ജലത്തിന്റെ പ്രവാഹവും ഒന്നുതന്നെ. 'പാട്ടാൽപ്പതിഞ്ഞ പടങ്ങളെ'—എല്ലാ രാഗങ്ങൾക്കും സാകാരത്വമുണ്ടെന്നാണല്ലോ സംഗീതശാസ്ത്രം. 'നമ്മുകിൽ......വൃത്തിശതത്തെ'—വിചാരങ്ങൾക്ക് ആകൃതിവർണ്ണങ്ങളുണ്ടെന്നും, അവയെ ഛായയെടുക്കാമെന്നും ശാസ്ത്രജ്ഞന്മാർ തെളിയിച്ചിട്ടുണ്ട്. 'ചുംബനത്തെ'—പ്രകൃതിയുടെ ഈ സ്നേഹപ്രകടനത്തെ കൈക്കൊള്ളൽ. സ്നേഹിക്കലും സ്നേഹിക്കപ്പെടലുമാണല്ലോ ജീവിതത്തിന്റെ പരമഫലം. 'നക്ഷത്ര......വെയ്ക്കുന്നുണ്ട്'—പ്രകാശത്തിന്റെ ഗതിവേഗമനുസരിച്ച്, ഓരോ നക്ഷത്രത്തിന്റെയും ദീപ്തി ഭൂമിയിലെത്തുമ്പോഴേ നാം അതിനെ കാണുന്നുള്ളൂ; ഇതനുസരിച്ചു, വിദൂരങ്ങളായ അസംഖ്യം നക്ഷത്രങ്ങളെ നാം ഇനിയും കണ്ടിട്ടില്ല. ഓരോ നക്ഷത്രത്തേയും നാം കാണുന്നതു, ശാശ്വതത്വം നമ്മുടെ ചുംബനത്തെ എടുത്തുവെയ്ക്കുന്നതാണ് എന്നു കല്പനം. 'അന്ധകാരം'—പകലവസാനത്തിൽ പ്രത്യക്ഷീഭവിയ്ക്കുന്ന ഇരുട്ട്. 'ആപ്പോയ നാളെയിൽ'—നാളെ എന്തു കാണാം എന്ന് ഉൽക്കണ്ഠയോടേ കാ

SREE KRISHNA VILASOM GRANDHASALA
...RUM
...VINKIL

എന്നാലിതിൻമടി തട്ടിക്കുടയുമ്പോ-
ളെൻനേത്രമാനന്ദമൂർച്ഛകൊണ്ടാവൃ...

ഈവിധംതന്നെ,യുറങ്ങിയ ലോകത്തെ
രാവു കുനിഞ്ഞു പുണർന്നിടുമ്പോൾ,
ചക്രവാളാന്തരച്ചെപ്പാൽ നടത്തിയോ-
രക്കളിയുൾക്കാമ്പരങ്ങാകുമ്പോൾ,
ധന്യമാമപ്പകൽ പൂർത്തിച്ച രാവിതിൽ-
ത്തന്നോ കാണായീ പുലരി വേറേ —
"ഭൂവിൽത്താൻ ഞങ്ങളു"മെന്നണ്ടു പാതിരാ-
പ്പൂവുകൾ പുഞ്ചിരിക്കൊണ്ടിടുന്നു;
"പിന്നാലേതാൻ പകൽ, മുമ്പു രാവാണെ"ന്നു
മിന്നാമിനുങ്ങുകളുല്ലസിപ്പൂ.

9519
E. 920

---

തീരുന്നതും ഇന്നലെയായിത്തീർന്നതുമായ അനുഭവത്തിൽ. 'ഇതിൻ മടിത്തട്ടിക്കുടയുമ്പോൾ'—ഓരോന്നും വീണ്ടും അനുഭവിച്ചു തീരുമ്പോഴും.

PRESENTED BY:
SRI M. K. VASUDEVAN NAIR
M... ...LLU

പാര 3. 'ഈ വിധം......പുണർന്നിടുമ്പോൾ'—പകൽ കാട്ടിത്തന്നതിനെ, രാത്രി പ്രവർത്തിയ്ക്കുന്നു. 'ഉറങ്ങിയ'—ലോകം ഇതറിയുന്നില്ലെന്നും, അറിയിയ്ക്കണമെന്നു രാത്രിയ്ക്കില്ലെന്നും സൂചിയ്ക്കുന്നു. 'കുനിഞ്ഞ്'—രാത്രിയിൽ ആകാശമണ്ഡലം കുറേക്കൂടി അടുത്തതായിത്തോന്നും. 'അക്കളി'—പകലിന്റെ പ്രവൃത്തികൾ. 'ഉൾക്കാമ്പരങ്ങാകുമ്പോൾ'—സ്വപ്നത്തിലേയ്ക്കു പകരുമ്പോൾ. സ്വപ്നത്തിലെ സംഭവങ്ങൾ കളികൾ (നിഷ്പ്രയോജനങ്ങൾ)ളാണെങ്കിൽ, അവയുടെ മൂലമായ ജാഗ്രത്സംഭവങ്ങളും കളികൾ തന്നെ എന്നു, 'കളി' എന്ന പദം സൂചിപ്പിയ്ക്കുന്നു. 'പുലരി'—പ്രഭാതത്തിലേതുപോലുള്ള ജീവിതാഹ്ലാദം. അതുതന്നെ അടുത്ത വരികളിൽ വിവരിയ്ക്കുന്നു. 'ഭൂവിൽ......പുഞ്ചിരിക്കൊണ്ടിടുന്നു'—രാത്രിയുടെ സാഹായ്യംകൊണ്ടേ ജീവിതഫലം അടയൂ എന്നുള്ള ചില ജീവികൾ ലോകത്തിലുണ്ടെന്നു നാം മറക്കരുത്. 'പിന്നാലെ....ഉല്ലസിപ്പൂ'—ധർമ്മത്തെ വേർതിരിച്ചെടുക്കൽ

“ജീവിതസ്പന്ദനം ഭൂവിൽപ്പതിയുമ്പോ-
ളാവക്ര”മെന്നെഴുന്നു സർപ്പം;
“തൂവെളിച്ചത്തെ വാഴ്ത്തുന്ന മർത്ത്യർക്കു ഞാൻ
ദേവനായെ”ന്നു മൂളുന്നു കൃമൻ;
“ക്ഷുത്തിന്നു ഭക്ഷണമുണ്ടെ”ന്നിരുട്ടിന്മേൽ-
ക്കൊത്തിയിടുന്നു പുലിയെകിറാൽ!—
എത്രയ്ക്കു താന്നുപോമത്രയ്ക്കുയർന്നിട്ട-
മത്തിരിചക്രത്തിനുള്ളഴികൾ.
ഇക്കരിയോലത്തിരട്ടിനുമുൽക്കണ്ഠ
ശുക്രനാൽ വെട്ടിട്ടു മുന്നേപ്പോലെ.

ഇന്നലെകൾക്കും ജീവിതം വ്യർത്ഥമായ്
വന്നിട്ടില്ലെന്നൊരുണർവു തേടി,
ഇന്നൊന്നു നോക്കുകെന്നെൻകണ്ണിലുമ്മവെ-
യ്ക്കുന്നിതുഷസ്സിനാലൂഴി വീണ്ടും!

---

പിൽക്കാലത്തു ചെയ്യുതാണല്ലോ. ‘ജീവിത......സർപ്പം’—പ്രാപഞ്ചികജീവിതത്തിൽ ഹൃദയമൂന്നിയാൽ, വക്രത കൂടിയേ കഴിയൂ. ‘തൂവെളിച്ചത്തെ......കൃമൻ’—മനുഷ്യനു കാണാൻ വയ്യാത്ത ഇരുട്ടിനെ കാണാവുന്ന കൃമൻ, മനുഷ്യനെ അപേക്ഷിച്ചു ദേവനാവണമല്ലോ. ‘ക്ഷുത്തിന്നു......യെകിറാൽ’—ഏതു വികാരത്തിന്നും തൃപ്തിയടയാനുള്ള സാധനത്തെ പ്രപഞ്ചം ഉണ്ടാക്കുന്നുണ്ട്. ‘എത്രയ്ക്കു......ഴികൾ’—രാത്രി കൂടികൂടിവരുംതോറും, അതു പകലായിച്ചമയുന്നു. ‘ഉൽക്കണ്ഠ’—ജീവിതാനുഭവത്തിലുള്ള തൃഷ്ണ.

പാര 4. ഇങ്ങിനെ പതിവുപോലെ ദിനരാത്രികളുടെ—സദസൽക്കർമ്മങ്ങളുടെ—സങ്കലനമായ ദിവസം—ലൌകികജീവിതം—കഴിഞ്ഞുപോകുന്നതു വ്യർത്ഥമല്ലേ എന്നു സംശയിയ്ക്കുകയാണെങ്കിൽ, ‘അല്ല, ഇനിയും അത്യാവശ്യമാണെ’ന്ന ഉന്മേഷത്തോടുകൂടി പ്രപഞ്ചം അതിനെ ആവർത്തിയ്ക്കുകയാണ്.

## V

എന്തിനെന്നില്ലാതെ മററൊന്നു ചെയ്യ ഞാ-
നെ,ൻനിഴൽ നോക്കിയുംകൊണ്ടു നിന്നേൻ.
അല്ലെങ്കിലെന്തിനെന്നില്ലാതെ ചെയ്യതി-
ലല്ലോ പ്രയോജനമാകമാനം:
ഇജ്ജീവിതാങ്കുരമോരോന്നുമെൻമുമ്പിൽ-
വെച്ചെഴുന്നതിത്തത്ത്വമല്ലീ?
എങ്കിലുമെന്തിനെന്നില്ലാതെതന്നെ ഞാ-
നെൻനിഴൽ നോക്കിയുംകൊണ്ടു നിന്നേൻ.

നന്നു നന്നെന്നു ശിരസ്സു കുലുക്കിനാ-
രെൻനില്പു കണ്ടു മരങ്ങൾ ചുററും.
"അയ്യെടാ, ഞാനിതു ചെയ്യുന്നീലെ"ന്നതോ
പയ്യിൻെറ വാലിൻകുടയലാവോ?
വിണ്ണിങ്കലില്ലാത്ത ഭാഗ്യവും സിദ്ധിപ്പു
മന്നിലവസ്ഥാവിശേഷത്താലേ.

---

ദിനരാത്രികൾ എന്ന വേർതിരിവുമില്ല; വിശദമായ പകലിൽത്തന്നെ രാത്രിയെ [ഇരുളിനെ] കണ്ടെത്തുന്നു:

പാര 1. 'ഇത്തത്ത്വം'—ഏതു ജീവിതത്തിൻെറയും ഉത്ഭവത്തിൽ പ്രയോജനചിന്തയില്ലല്ലോ; പുരുഷാർത്ഥപ്രയോജകമാണ് താനും ഏതു ജീവിതവും. 'എൻനിഴൽ'—എൻെറ ഇരുണ്ട വശം [പാപകർമ്മം].

പാര 2. സസ്യപ്രകൃതിയ്ക്കു, പുണ്യപാപകർമ്മഫലമായ സുഖദുഃഖബോധമില്ല; അതിനാൽ, അവ എപ്പോഴും നിഴൽ നോക്കിക്കൊണ്ടു നിൽക്കുന്നു എന്നു കല്പനം. അതു, തൻെറ നിഴൽ തിരിഞ്ഞു നോക്കുന്ന മനുഷ്യനെ അനുമോദിയ്ക്കുകയും ചെയ്യുന്നു. രണ്ടാമീരടികൊണ്ടു, തിര്യക്പ്രകൃതിയിൽ ആ സുഖദുഃഖബോധം ആരംഭിച്ചു എന്നു സൂചിപ്പിയ്ക്കുന്നു. 'വിണ്ണിങ്കലില്ലാത്ത ഭാഗ്യം'—ദേവന്മാർ പ്രകാശസ്വരൂപരാകയാൽ സ്വർഗ്ഗത്തിൽ നിഴലേ ഇല്ല.

എത്ര കണ്ടാലുമനുക്ഷണം പുത്തനായ്
വർത്തിപ്പതാണു സൌന്ദര്യമെങ്കിൽ,
സുന്ദരം സുന്ദരമിപ്രപഞ്ചത്തിലേ-
തൊന്നുമീശ്ശൂന്യമാം പാഴ് നിഴലും.
അല്ലെങ്കിൽശ്ശാശ്വതദിവ്യദൃക്കാരോന്നും
നല്ലൊളിപ്പട്ടു നിവർത്തി നീളേ
സ്ഥാവരജംഗമോത്സൃഷ്ടനിഴലിനെ-
യാവുന്നവണ്ണമെടുത്തു കെട്ടി
അന്ധകാരത്തിലെയ്ക്കപ്പപ്പോൾക്കൊണ്ടുപോ-
യെന്തിനു സൂക്ഷിച്ചുവെച്ചിടുന്നു?
എന്നു തുടങ്ങിയ കൌതുകമാണിതി-
നിന്നുമില്ലല്ലോ ഇടിച്ചിലേതും.
അണ്ടർപുരത്തിലെക്കാമ്യപദാർത്ഥങ്ങ-
ളുണ്ടാവതെല്ലാമിളയിലത്രേ.

---

പാര 3. 'സുന്ദരം......നിഴലും'—പാപകർമ്മത്തെയും, ചെയ്തു കഴിഞ്ഞതിനുശേഷം, ആലോചിച്ചുനോക്കുവാൻ രസമുണ്ടെന്നു താൽപര്യം. 'ശൂന്യമാം'—പാപകർമ്മത്തിന്റെ ഗുണം അജ്ഞാതമായിരിയ്ക്കുന്നു. 'അല്ലെങ്കിൽ'—അവനവന്റെ മാത്രമല്ല, മററുള്ളവരുടേയും പാപകർമ്മത്തെ തേടിയെടുക്കുവാൻ എല്ലാവർക്കും ഒരു വാസനയുണ്ട്. 'ശാശ്വതദിവ്യദൃക്ക്'—ജ്യോതിർഗ്ഗോളങ്ങൾ; ജ്യോതിർഗ്ഗോളങ്ങൾ പോകുമ്പോൾ നിഴലും പോകുന്നുവല്ലോ. 'അന്ധകാരത്തിലെയ്ക്ക്'—അവിടെവെച്ച് ഈ നിഴലുകൾകൊണ്ടെന്തുചെയ്യുന്നു എന്നറിഞ്ഞുകൂടെന്നു സൂചന. 'അണ്ടർപുരം'—പുണ്യൈകസ്വരൂപമായ ലോകം. 'കാമ്യപദാർത്ഥങ്ങൾ'—അപ്സരസ്സു കല്പവൃക്ഷം മുതലായ ഭോഗ്യവസ്തുക്കൾ. 'ഇളയിൽ'—കാമലോഭാദിസങ്കലിതമായ ലോകത്തിൽ [മനോവൃത്തിയിൽ].

എന്താവാമീ നിഴല?—സ്ധകാരാന്തരേ
ഹന്ത, ഞാനീദൃശനായിരുന്നോ;
തൈജസഭാഷയിൽ സ്സംക്രമിയ്ക്കുമ്പൊഴ-
മീദൃശൻതന്നെയാമീ ഞാനെന്നോ;
ഭൌതികതപത്തിൽപ്പതിഞ്ഞുകിടക്കുമെൻ-
ചേതനാശ്ലേഷമോ കാണ്മു മുന്നിൽ;
എന്നെ വിട്ടോട്ടവാൻ വയ്യെനിയ്ക്കെന്നമ്മ
മന്നെനിയ്ക്കേകിയ സൂചനയോ;
എൻകാലനങ്ങാ ചിരന്തനമാം തമ-
സ്സിങ്കൽനിന്നെന്നു ഞാനിട്ട തീപ്പോ;
എന്നിലുള്ളെന്നെപ്പുറത്തെയ്ക്കൂട്ടത്തൊളി
ചിന്നി വിളങ്ങുന്ന കർമ്മസാക്ഷി
എന്നെന്നുമെന്തോ പരീക്ഷണംചെയ്യപോ-
രുന്നുണ്ടു, താമോ നിഴലിതെന്നാൽ?
എന്നുടെയിശ്ശങ്ക മർമ്മത്തു കൊണ്ടിതോ?
മന്നെൻനിഴലിനെയുംവലിച്ചു.

---

പാര 4. 'അന്ധകാരാന്തരേ'—പരിണാമഗതി ആരംഭിയ്ക്കുന്നതിന്നു മുമ്പ്. 'തൈജസ......സംക്രമിയ്ക്കുമ്പൊഴും'—പരിണാമഗതി അവസാനിച്ചതിന്നുശേഷം. ആദ്യം പാപമായിരുന്നതുതന്നെയായിരിയ്ക്കുമോ, പരിണാമവശാൽ പുണ്യമായിത്തീരുന്നത്! 'ഭൌതികതപം'—അനാത്മതപം [സംസാരം]. 'ചേതനാശ്ലേഷം'—ആത്മാവിൻെറ [ഞാൻ എന്നതിൻെറ] അത്യാസക്തി. 'എന്നെ വിട്ടോടുവാൻ' എന്നു തുടങ്ങുന്ന രണ്ടീരടിയ്ക്കു്, മനുഷ്യൻ വിധിയെ അനുസരിച്ചു നടക്കുകയാണെങ്കിലും, അവൻ സ്വയം വിധിയെ ഉണ്ടാക്കുകയാണെങ്കിലും, അവനു പാപകർമ്മവുമായി പിരിയാൻ വയ്യെന്നായിരിയ്ക്കുമോ, ഈ നിഴൽ സൂചിപ്പിയ്ക്കുന്നത് എന്നു താൽപര്യം. 'എന്നാൽ'—പാപകർമ്മവുമായി പിരിയാൻ വയ്യെങ്കിൽ. 'മന്നെൻ......വലിച്ചു'—ഉച്ച

അല്ലെങ്കിലുച്ചക്കതിരവൻ കാണുമാ-
റില്ലയല്ലോ നിഴലേതിടത്തും.

ത്തുവെളിച്ചത്തിന്റെ മുമ്പിൽച്ചരാചര-
മേവമൊരേ കരുപ്പെന്ന തത്ത്വം
ഭുവിലനധ്യായമെന്ന്യേ കുറിച്ചിട്ടും
പാവനനൈർമ്മല്യംതന്നിൽപ്പോലും
അന്ധകാരത്തിൻനരുങ്ങുകളങ്ങിങ്ങു
ചിന്തിയിട്ടില്ലയെന്നാരറിഞ്ഞു!
അങ്ങിനെയാണെങ്കിലിക്കീഴലകിട-
ത്തെങ്ങെങ്ങുമാരാഞ്ഞുനോക്കുമെക്കൻ
തന്നുള്ളിലില്ലാത്തമസ്സു കാണായ്കയാ-
ലന്യത്ര കൺ നടത്താതെയാമോ?

നട്ടുച്ചതന്റെ റയീയന്തർമ്മുഖത്വവും
തട്ടിമറിച്ചു ക്ഷണേന കാലം,
പൃത്ഥ്വിയെപ്പാതിരാനിശ്ശേഷ്ടതയിൽനി-
ന്നദ്ധരിയ്ക്കുന്നതുപോലെതന്നെ.

പിന്നെയും പാററിപ്പിടിച്ചുതാൻ നില്പയാ-
യെന്നുടെ പാഴ്നിഴൽ പിൻകാലിന്മേൽ!

---

യായപ്പോൾ. 'ഉച്ചക്കതിരവൻ'—പരിപൂർണ്ണജ്ഞാനം; അതി
ന്റെ ദൃഷ്ടിയിൽ, പാപം എന്നൊന്നില്ലതന്നെ!

പാര 5. സൂര്യഗോളത്തിൽ ചില കറുത്ത പുള്ളികളുണ്ടെന്നാണ്, ഇപ്പോൾ ജ്യൌതിഷികന്മാരുടെ അഭിപ്രായം. മററുള്ളവരിൽ പാപം കാണുന്നതാരായാലും, അവനിൽ പാപം ഉണ്ടായിരുന്നേ കഴി യൂ എന്നു താൽപര്യം.

പാര 6. 'അന്തർമ്മുഖത്വം'—ജ്ഞാനത്തിന്റെ ആ ആത്മപരീക്ഷണം.

പാര 7. അന്യന്റെ പാപത്തെ നോക്കുന്നില്ലെന്നുവെച്ചതുകൊണ്ടു കാര്യ മില്ല; അതു വീണ്ടും അടുത്തു വന്നുനിൽക്കും.

SREE KRISHNA VILASOM GRANDHASALA
...UM
...VINKIL

## VI

നോക്കുക, നോക്കുകോരോന്നുമെന്നേതൊരു
ചേക്കുണ്ടും ചെമ്മേ തുറന്നുകാട്ടി,
സൂക്ഷ്മാണുജാലം കരത്തിലെടുത്തിതാ,
സൂര്യൻ തുടങ്ങീ തന്നദ്ധ്യാപനം.

അങ്കുരിപ്പാനും തുടങ്ങീ ധരിത്രിത-
ന്നന്തഃകരണത്തിലുള്ളതെല്ലാം;
വേർതിരിച്ചുള്ളറിവാലൊരു പുഞ്ചിരി
ജാതമായ് പൂഴിത്തരിയ്ക്കുപോലും;
എത്ര താപത്തെയുമേല്ക്കുവാനുള്ളുണർ-
വെത്തിത്തുടിച്ച ജഗത്തശേഷം
ആത്മധർമ്മങ്ങളെപ്പേർത്തനുഷ്ഠിപ്പതി-
ലാമഗ്നമായും, സമുല്ലസിച്ചും,

---

അതിനാൽ, ലോകത്തിൽ നിഴൽ വെളിച്ചം എന്ന വിഭവചനം (വേർതിരവ്) ഉള്ളേടത്തോളം കാലം, വെളിച്ചമുള്ളേടത്തെല്ലാം നിഴലുമുണ്ടായിരിയ്ക്കും.

പാര 1. 'ചേക്കുണ്ട്'—പാപിഷ്ഠമായ മനോവൃത്തി. 'സൂക്ഷ്മാണു......ലെടുത്ത്'—പഴുതുകളിലൂടെ വരുന്ന സൂര്യകിരണങ്ങളിൽ ചില പരമാണുക്കൾ പാറുന്നതു കാണാമല്ലോ. 'സൂര്യൻ'—വിവേകം.

പാര 2. 'എല്ലാം'—ചീത്തയും നല്ലതുമായ മനോവൃത്തികൾ. 'വേർതിരിച്ചുള്ളറിവ്'—ഉൽകൃഷ്ടാപകൃഷ്ടതാബോധം. 'പൂഴിത്തരിയ്ക്കപോലും'—അതിനേക്കാളും അപകൃഷ്ടങ്ങളായ അസംഖ്യം വസ്തുക്കളുണ്ടല്ലോ എന്ന്. 'ആത്മധർമ്മങ്ങളെ'—വിദ്യാഭ്യാസം ഓരോരുത്തനും വെവ്വേറെയാണ് ധർമ്മങ്ങൾ എന്ന ബോധമുണ്ടാക്കുന്നു.

അന്ധകാരത്തിലെയ്യാഴ്ത്തേണ്ടതെങ്ങൊക്കെ-
യെന്തൊക്കെയുണ്ടെന്നു തേറുകയായ്.

ഇദ്ദീപ്തിവാപ്പിലുമോരോന്നിനുമട്ട-
ത്തെത്തിയിളും കാട്ടിനിന്നു നിഴൽ: —
"ഏതുഷസ്സിങ്കലുമുണ്ടന്തി, വിസ്മരി-
യ്ക്കേണ്ടവയുണ്ടാം പഠിപ്പേതിലും!"

'അന്ധകാരത്തിലേയ്യാഴ്ത്തേണ്ടത്'—മറച്ചുവെയ്ക്കേണ്ടത്; ഏതെല്ലാം മനോവൃത്തികളെയാണ് മറച്ചുവെയ്ക്കേണ്ടത് എന്നറിവാനേ വിദ്യാഭ്യാസം ഉതകുന്നുള്ളു എന്നാശയം.

പാര 3. 'ദീപ്തിവാപ്പ്'—ധർമ്മനിഷ്ഠ. 'നിഴൽ'—പ്രാപഞ്ചികത്വം. 'ഏതുഷസ്സിങ്കലുമുണ്ടന്തി'—ഏതൊരു ധർമ്മപ്പരപ്പിലും അധർമ്മസങ്കലനം കാണപ്പെടുന്നു; നിഴൽ [ഇരുട്ട്] രാത്രിയെ സൂചിപ്പിയ്ക്കുന്നുണ്ടല്ലോ.

## VII

മറെറാരു ഭിത്തിമേൽ മുട്ടിയെൻ പാഴ് നെററി,
പറെറക്കമിഴ്ന്നു കിടന്നേൻ വീണ്ടും;
പിന്നെയും തെണ്ടിനടക്കൽ നിലച്ചു ഞാ-
നെന്നംബതൻ മടിത്തട്ടണഞ്ഞേൻ!
മാൎത്തടം പുൽകൾക്കു വീതിച്ച വാത്സല്യ-
മൂൎത്തിയൊന്നെന്നെയുമോമനിച്ചു.

ജ്യോതിൎഗ്ഗണങ്ങൾതൻ സഞ്ചാരവീഥിയെ,
നാദബ്രഹ്മാനന്ദകൈവല്യത്തെ,
ചേതനാലോകനൌത്സുക്യപ്പരപ്പിനെ,-
ബ്ഭൂതലാസ്വാസ്ഥ്യവിദൂരതയെ,
പിന്നെയും പിന്നെയും നോക്കിയങ്ങുന്നു വാ-
നന്നും മരങ്ങളും വള്ളികളും,
പ്രാണഞെരമ്പത്തു കെട്ടിപ്പിടിയ്ക്കുക-
യാണടിമണ്ണിനെത്താനെങ്കിലും,

---

ഏതൊരു ധൎമ്മപ്പരപ്പിലും അധൎമ്മസങ്കലനം കാണാമെന്നതിനെ തെളിയിയ്ക്കുന്നു:

പാര 1. 'ഭിത്തി'—ദുരതിക്രമമായ യാത്രാപ്രതിബന്ധം. 'കമിഴ്ന്നുകിടന്നേൻ'—ധൎമ്മവ്രതം തെററിച്ചു. 'തെണ്ടിനടക്കൽ'—ആദൎശപരമായ ജീവിതം. 'അംബ'—ഭൂമി [പ്രാപഞ്ചികത്വം].

പാര 2. 'ജ്യോതി......വീഥി'—ജ്ഞാനൈകമൂൎത്തികൾ സഞ്ചരിയ്ക്കുന്ന സ്ഥലം. 'നാദ......കൈവല്യം'—സകല വാങ്മയത്തിന്റെയും പരമകാഷ്ഠ. 'പ്രാണഞെരമ്പ്'—വേര് [ജീവിതസ്വഭാവം].

എന്നെ വിട്ടൊട്ടൊട്ടു പൊന്തുന്നു, തങ്ങൾതൻ
യത്നക്കുറിമാനം ചിന്നിച്ചിന്നി.
[എൻനെടുവീർപ്പുകൾ തജ്ജീവിതപ്പോക്കി-
ന്നൂന്നുവടികളാവുന്നതുണ്ടാം.]
മാറകന്നീടിലുമാവതും ഗാഢമായ്-
പ്പാരിനെപ്പുല്കുന്ന നാൽക്കാലികൾ
മുററും മുരളുന്നു, തൽപ്രാപ്യസ്ഥാനത്തു
പററിയേ നില്ക്കൂ എന്നെന്നെ നോക്കി.
[എൻകഴൽവെപ്പുകളാവാമവററിൻെറ-
യംഘ്രികൾക്കുള്ള വളർപ്പതെല്ലാം.]
അന്തരിക്ഷത്തിനായ്ക്കൊണ്ടുകമർപ്പിച്ച-
തെന്തും മരിച്ചതായ്ക്കാണുകിലും
പൊന്തിപ്പറക്കുന്ന പക്ഷിച്ചിറകൊക്കെ
മന്ത്രിപ്പിതെന്നോടായ് സാഹ്ലാദമെത്ര.
[എന്നുള്ളിൽനിന്നു കൊഴിഞ്ഞ ദൃഢാശകൾ—
തന്നെയാവാമതിൻതൂവലുകൾ.]

---

'യത്ന......ചിന്നിച്ചിന്നി'—വൃക്ഷലതാദികളിൽനിന്നു പഴുത്തു വീഴുന്ന ഇലച്ചാർത്ത്, അവയുടെ ക്രമികമായ അഭിവൃദ്ധിയത്നത്തെ തെളിയിയ്ക്കുന്നുണ്ടല്ലോ. 'എൻനെടു......വുന്നതുണ്ടാം'—ജംഗമങ്ങളുടെ നിശ്വാസത്തിൽനിന്നാണ്, സ്ഥാവരങ്ങൾക്കു വളച്ച് കിട്ടുന്നതെന്നു ശാസ്ത്രം. 'ആവതും......പുല്കുന്ന'—നിലത്തു കയ്യൂന്നിക്കൊണ്ടു കഴിഞ്ഞുകൂടുന്ന. 'എൻകഴൽ......വളർപ്പതെല്ലാം'—ചേഷ്ടിപ്പാനുള്ള അത്യൗത്സുക്യമാണ് അവയവങ്ങളെ ഉണ്ടാക്കിയതെന്നു പരിണാമശാസ്ത്രം; അതിനാൽ, ഞാൻ ഒരു മൃഗമായിരുന്ന കാലത്ത് ആഗ്രഹിച്ചതെന്തോ, അതാണ് ഈ മൃഗങ്ങളെ ഈ നിലയിലാക്കിയത് എന്നു ഭാവം. 'അന്തരീക്ഷ......മർപ്പിച്ചത്'—മലർന്നുപോയത്. [മനസ്സിനെ ധർമ്മനിഷ്ഠ

എങ്കിലുമൊട്ടു മുതിന്നനാരംതൊട്ടു മ-
ന്നിങ്കൽനിന്നത്ര നിവന്ന മർത്ത്യൻ
പേർത്തും നിലംപൊത്തി നിർവൃതിക്കൊള്ളുന്നു,
മാതൃകരം മാറുന്ന മാററത്താലേ.

ഇന്നിലയ്ക്കുള്ളം കലങ്ങിമറിഞ്ഞതിൻ
വെൺനുരവേപ്പ്രോടെൻവക്ത്രം ചിരാൽ
പൊന്തിയതാകട്ടെ, വാനിൻെറ വൻ'പത്മ-
ബന്ധ'ക്കുറിപ്പിനെ നോക്കാൻമാത്രം!
ഇക്കീഴലകിനെയെന്തോ ധരിപ്പിയ്ക്കാ-
നൽക്കണ്ടു പൂണ്ടപോലാ ലിപികരം
'നോക്കുക, നോക്കുകെ'ന്നിങ്ങോട്ടിറങ്ങിനി-
ന്നാവോളമുണ്ടു തെളിഞ്ഞിടുന്നു.
എത്രയോ ജീവിതമീററുനോക്കേണ്ടുന്നി-
തദ്ദിവ്യപദ്യത്തിൻ സത്തറിവാൻ;

---

ക്കായി അർപ്പിച്ചതു്.] 'പേർത്തും......നിർവൃതിക്കൊള്ളുന്നു'—അറിഞ്ഞുംകൊണ്ടു് അധർമ്മത്തോടു പററിച്ചേർന്നു സൂചിയ്ക്കുന്നു.

പാര 3. 'പത്മബന്ധക്കുറിപ്പു്'—നക്ഷത്രാക്ഷരങ്ങളെക്കൊണ്ടു രചിയ്ക്കപ്പെട്ടതു്. ഹൃദയത്തെ ഇവിടെത്തന്നെ ഊന്നിനിർത്തിക്കൊണ്ടു മുകളിലേയ്ക്കുള്ള ജീവിതഗതി, ഉള്ളം കലക്കിമറിയ്ക്കുന്ന ഒരു വിരോധാഭാസമാണു്; അതിൻെറ അവസാനത്തിലോ, മറെറാരു വിഷമപ്രശ്നം! 'ഇറങ്ങിനിന്നു്'—രാത്രിയിൽ ആകാശമണ്ഡലം കുറേക്കൂടി അടുത്തതായിത്തോന്നും എന്നു മുമ്പു പറഞ്ഞി

ജാതനാം ജാതനാം ജീവനുമോരോരോ
രീതിയിൽക്കാട്ടുന്ന തദ്രൂപത്തെ;
ഓരോ വികാരവും തല്ലിപിവൃന്ദത്തെ
നേരേ സ്ഫുരപ്പെടുത്തുന്നിതെങ്ങും;
എങ്കിലുമക്കലാകൗതുകം താൻതന്നെ-
യെന്തു ഫലമിതിലെന്നു നണ്ണി,
വെൺതുടപ്പൂതുണി കൈക്കൊണ്ടു; ലോകവും
ഹന്ത, നെടിയൊരു വീർപ്പു വിട്ടു!
ആയക്ഷരങ്ങളോ, മന്നിനെച്ചുംബിക്ക-
ലാണു തജ്ജീവിതമെന്ന മട്ടിൽ
നശ്വരതാംതന്നെഴുത്തുകോൽത്തുമ്പുകൾ-
ക്കുജ്ജ്വലദ്ഭംഗി ചേർത്തിങ്ങു കാണായ്.

അല്ലെങ്കിലുണ്ണി കമിഴ്ന്നുതുടങ്ങിയെ-
ന്നുല്ലസിപ്പോരല്ലോ മാതാക്കന്മാർ!
ഇമ്മാതൃവാത്സല്യം, പ്രാപഞ്ചികാവസ്ഥാ-
നിമ്മജ്ജനോത്ഥമാമാർദ്രതയോ! —

---

ട്ടുണ്ടല്ലോ. 'ജാതനാം......പ്പെടുത്തുന്നിതെങ്ങും'—ഓരോ ജീവിതവും ആ വിഷമപ്രശ്നത്തിന്റെ രൂപഭേദമാണ്; അതിലെ ഓരോ വികാരവും ആ ജീവിതാത്മകമായ വിഷമപ്രശ്നത്തെ സ്ഫുരപ്പെടുത്തുന്നു [മേളക്കൊഴുപ്പുള്ളതാക്കുന്നു]. 'വെൺതുടപ്പൂതുണി'—പ്രഭാതാരംഭത്തിലെ വെണ്മ. 'വീർപ്പുവിട്ടു'—പുലർകാറ്റു വീശി. 'നശ്വരതാ......ത്തുമ്പുകൾ'—പുൽക്കൊടിത്തലപ്പുകൾ.

പാര 4. 'അല്ലെങ്കിൽ'—വിചാരങ്ങൾ ആകാശത്തിലേയ്ക്കു പോകുന്നതുപോലെ, ആകാശത്തിലുള്ളവ ഭൂമിയിലേയ്ക്കു വരുന്നതും വേണ്ടതാണ്; ഇതു പ്രാപഞ്ചികാവസ്ഥയിൽ മുഴുകിയവരെ [അമ്മ

സ്വൈരം മലരാം കമിഴ്ന്നിടാം, മർത്ത്യനേ
പോത്രു ദേവത്വത്തിനെന്നതിനാൽ
അംബരം പൂകിടും ഭൂതലം പുല്കിട്ടു-
മെന്മകനെന്ന കൃതാർത്ഥതയോ?

മാരെ] സന്തോഷിപ്പിയ്ക്കുകയേ ചെയ്യൂ. അടുത്ത ആറു വരികളിൽ, പ്രാപഞ്ചികാവസ്ഥയിൽ മുഴുകിയതുകൊണ്ടുണ്ടാവുന്ന ആർദ്രതയെ വിവരിയ്ക്കുന്നു.

## VIII

മറെറാരു ജോലിയും കണ്ടതില്ലന്നു ഞാൻ,
മുററത്തെപ്പുൽ പറിയ്ക്കാനിരുന്നു.
ഇക്കൈവിരൽകൊണ്ടു ഹിംസാക്ഷരം കുറി-
പ്പിയ്ക്കുവാനുള്ളതിത്തൂവലാവാം!

മർത്ത്യൻെറ കാൽപ്പെരുമാററമുദ്രയുള്ളിടമ-
ല്ലിത്തരം പാഴ്മുളയ്ക്കുള്ള രംഗം;
പൊട്ടിമുളച്ചോട്ടെ വല്ല പറമ്പിലും
കിട്ടില്ലിതിന്നെൻെറ വീട്ടുമുററം —
ആയിരാമത്തെത്തവണയായ് പിന്നെയു-
മീയുറപ്പെൻവിരൽത്തുമ്പിനേല്പൂ;
എങ്കിലുമിന്നെന്നതിമ്മുള ചൂടിടാ-
തെത്തുമാറില്ല മദങ്കണത്തിൽ!
നട്ടുവളർത്തുന്ന പൂച്ചെടി വാടിടാം,
തട്ടിത്തഴയ്ക്കുന്നു പാഴ്പുല്ലുകൾ.
ആരോ ദിശി ദിശി കോരിപ്പരത്തുന്നു
ക്രൂരിതൾച്ചാണകം കൂടെക്കൂടെ;

---

പാര 1. മനുഷ്യൻ ഏതു ദുർവ്വികാരത്തെയും, അവ പ്രവർത്തനോന്മുഖമാവാൻ കാരണമില്ലാത്ത സന്ദർഭത്തിലേ പറിച്ചുകളയാൻ നോക്കണം. ഇതും ഒരു ഹിംസാകർമ്മമാണെന്നു സൂചിപ്പിയ്ക്കുന്നു.

പാര 2. 'മർത്ത്യൻെറ......മുദ്രയുള്ളിടം'—മനുഷ്യധർമ്മബോധത്തോടുകൂടിയ മനഃപരിഷ്കാരം. 'ചൂടിടാതെ'—ഇന്ന് [മനുഷ്യൻ കാലക്രമേണ അളന്നുമുറിച്ചിട്ട ശാശ്വതതത്ത്വം], ഈ പുല്ലുകളെ ആദരിച്ചുകാണുന്നുണ്ടെന്നു വ്യംഗ്യം. 'നട്ടുവളർത്തുന്ന പൂച്ചെടി'—ഉരുവിട്ടു പഠിയ്ക്കുന്ന ധർമ്മപാഠങ്ങൾ. 'ആരോ......കൂടെക്കൂടെ'—ദുർവ്വികാരങ്ങൾക്കു വളരുവാൻ വളമായിത്തീരുന്ന നിഗൂഢതകളെ

എൻകണ്ണിനാവശ്യമില്ലാത്തതാം ചില
വൻകൃഷി ചെയ്യുവാനുണ്ടിങ്ങാരോ!
അല്ലെങ്കിലെൻപ്രാണനിശ്വാസമാണിതി-
ന്നെല്ലാം വളച്ചയ്ക്കു പിന്നിലെന്നോ?
പിന്നെയുമന്തരാത്മാവിൻെറ ചോദ്യങ്ങൾ
മന്നിൻെറ മൌനത്തിലാണ്ടുപോയി!

ആദിത്യമണ്ഡലമൂൾവലിയും പുറ-
ത്തായിട്ടും രാപ്പകലോരോന്നിലും—
ജീവിതനിർമ്മിതിച്ചുററികതാണിട്ടു-
മാവിധം പൊന്തിടും വീണ്ടും വീണ്ടും.
ആവുമോ ഞാൻ വരച്ചിട്ടിട്ടും പാഴ്‌വര-
യ്ക്കുള്ളശ്വരമിപ്പണി മാററിനിത്താൻ?
അല്ലെങ്കിലിങ്ങിന്നത്, ങ്ങു മറെറന്തുമെ-
ന്നെല്ലാടവും തുണ്ടുതുണ്ടമാക്കി

---

പ്രകൃതി ഉണ്ടാക്കിക്കൊണ്ടിരിയ്ക്കുന്നു. 'അല്ലെങ്കിൽ'—ആ 'ആരോ' അല്ല, അവനവൻെറ ജീവിച്ചിരിയ്ക്കൽതന്നെയാണെന്നുണ്ടോ, ഇവ മുളയ്ക്കുവാൻ കാരണം? 'മൌനത്തിലാണ്ടുപോയി'—മറുപടി കിട്ടാത്ത മറെറാരു ചോദ്യം!

പാര 3. 'ഞാൻ......പാഴ്‌വര'—എൻെറ വീട്ടുമുററത്തിന്നതിരിട്ടത്. 'അല്ലെങ്കിൽ......ളൊഴികയല്ലീ?'—എൻെറ ചക്രവാളത്തിന്നകത്ത് ഇന്നിന്നത് പുറത്തു മറെറന്തും എന്നു കാണുന്നുണ്ടെങ്കിലും, എൻെറ യാത്രയിൽ നീങ്ങി നീങ്ങിപ്പോകുന്ന ആ ചക്രവാളത്തിൽ ഭൂമിയിലുള്ളതെല്ലാം ഉൾപ്പെടുന്നതിനാൽ, ലോകഹൃദയത്തിലുള്ളതൊക്കെയും എൻെറ ഹൃദയത്തിൽ വരാതെ കഴിയ്ക്കാൻ വയ്യ.

മാനം വളച്ചിട്ടിരിപ്പതുക്കൂടെയും
ഞാനടുക്കുമ്പോളൊഴികയല്ലീ?
വേർതിരിവററിടാക്കണ്ണിങ്ങു തീണ്ടലിൻ
യാതനാഭേദം സഹിയ്ക്കുതന്നെ!

സസ്യപ്രകൃതിതൻ കോൾമയിർക്കൊള്ളലാ-
മച്ചെറുപുൽപ്പരപ്പിങ്കലൂടേ,
തത്തന്മൃഗങ്ങൾതൻ മെയ്യണിത്തൊപ്പയും,
പത്രിച്ചിറകിൻെറ തൂവൽച്ചാർത്തും,
മാനുഷഹൃത്തിൻ പരുപരുപ്പും നോക്കി
ഞാനൊരു കാൽക്ഷണമങ്ങിരുന്നു.
അപ്പൊഴെൻമുമ്പിലെപ്പുൽപ്പറിക്കണ്ടുക-
ളത്രയും തുക്കവാനാവുമെങ്കിൽ
വാനിലെത്തൈജസപ്പുററുകളൊക്കെ ഞാൻ
വാരുകയില്ലയെന്നാക്കറിയാം!

---

[‘മാനം വളച്ചിട്ടിരിപ്പതുക്കൂടെയും’—പ്രകൃതിനിയമംതന്നെ അങ്ങിനെയാണ്.] അതിനാൽ ‘അതു ചീത്ത’ എന്നു വിചാരിയ്ക്കുന്നേടത്തോളംകാലം, ആ ‘ചീത്തത്തം’ നമ്മളിൽ വരികതന്നെ ചെയ്യും.

പാർ 4. ആ പുൽപ്പരപ്പും, മൃഗങ്ങളുടെ തൊപ്പയും, പക്ഷികളുടെ തൂവലും, മനുഷ്യഹൃദയത്തിലെ ഉരവും ഒന്നുതന്നെയാണെന്നു കണ്ടു. അതുകൊണ്ട്, ഒരു പുൽക്കൊടി പറിച്ചാൽ, മററൊക്കെയും നശിച്ചേയ്ക്കുമെന്നു ഭയപ്പെട്ടുപോയി. ‘തൈജസപ്പുററ്’—നക്ഷത്രം.

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYAKA VEEDU
MALAYINKIL

9519

# IX

ജീവിതചോദനം തച്ചുപായിയ്ക്കുമെൻ
കാൽവെപ്പുകൾതമ്മിലൊന്നടക്കെ,
തള്ളിയലയ്ക്കും തിരച്ചാർത്തടങ്ങിയെ-
ന്നുള്ളമൊട്ടാഴമിയന്നതാകെ,
'അമ്പിളിയമ്മാമനെ'ന്നമ്മ നോക്കിച്ചൊ-
രംബരത്തിങ്കൽ ഞാൻ കൺ നടത്തി.
വാനാകുമപ്പുറത്തെയ്ക്കൂത്ര വട്ടം ഞാൻ
ദീനനോട്ടത്തെയയച്ചിരിപ്പു;
പിന്നെയുമാവർത്തനോത്സുകം കാലമെൻ
പിന്നിൽനിന്നേവം ചരടിളക്കി.
നിത്യതതൻെറ വെൺതാമരപ്പൂവെതിർ—
വക്ത്രത്തെ വീണ്ടും നുകർന്നേൻ കണ്ണാൽ!

കുററികളപ്പപ്പോൾ മാററിയങ്ങങ്ങെന്നെ-
ക്കെട്ടുമദൃശ്യമാം പാശച്ചാർത്താൽ

---

ഒടുവിൽ കവി, നന്മതിന്മകളിലേയ്ക്കും ഉച്ചനീചത്വങ്ങളിലേയ്ക്കുമുള്ള പാച്ചിലെല്ലാം നിലച്ചു ശാന്തനായിത്തീൎന്നു പ്രപഞ്ചത്തെ ഒട്ടാകെ ഒന്നു നോക്കിക്കാണുന്നു:

പാര 1. ബാല്യത്തിൽ, ആഹ്ലാദകരനായ അമ്പിളിയമ്മാമൻ മാത്രമായിരുന്നു ആകാശം [പ്രപഞ്ചം]. പില്ക്കാലത്തു, മനോമൌഢ്യത്തോടേ നോക്കുമ്പോൾ അവിടെ ഒന്നും കാണാതായി. ഇപ്പോൾ, ആകാശമണ്ഡലം മുഴുവനും, 'നിത്യത......വക്ത്രം'—ഒരമ്പിളിയമ്മാമനായിത്തീൎന്നു!

പാര 2. 'കുററിക......ക്കെട്ടും'—ജീവനെ അവസ്ഥാഭേദങ്ങളിലേയ്ക്കു മാററുന്ന. 'അദൃശ്യമാം പാശച്ചാർത്ത്'—നിയതിയുടെ നിയമം.

6 *

ഇബ് ഭുവിൽ മണ്ഡലം വീശപ്പെടുന്നതിൻ
നൽപ്പകപ്പാകുമിച്ചക്രവാളം
എന്നെപ്പുണരുവാൻ നേരവും കാത്തുകൊ-
ണ്ടന്യൂനശ്രദ്ധമൊതുങ്ങിനില്പൂ.
കാലത്തെയൊട്ടുക്കളന്നുകഴിഞ്ഞതി-
നാലേ കമഴ്ത്തിയിരിപ്പതായി
നാനാവിധാത്മാക്കളിട്ടുതട്ടുന്നതാം
നാഴികവട്ടയിതപ്രമേയം
ഉൾക്കണ്ടു കൂട്ടുന്നു ശാശ്വതത്വത്തെളി-
നീർക്കണമോലുന്നോരുൾവശത്താൽ.
എങ്ങോ മുകൾത്തട്ടിലുള്ളൊരു ലോകത്തി-
നിങ്ങുള്ളവററിലൊരിച്ഛ വായ്ക്കെ,
ഇപ്പാരിൻ ഛായയെടുക്കുവാനായ്ച്ചൂണ്ടി-
വെച്ചതാമീ യന്ത്രവട്ടച്ചില്ലിൽ
ഭംഗ്യാ നിഴലിച്ചുകാണായ് കുറച്ചൊക്കെ-

---

'മണ്ഡലം'—ജീവിതപരിധി. 'പകപ്പ്'—എൻെറ ചെറിയ ജീവിതപരിധികളിലുള്ളതുതന്നെയാണ്, പ്രപഞ്ചത്തിൽക്കാണുന്നതെല്ലാം. 'പുണരുവാൻ'—പ്രപഞ്ചം മുഴുവനും എന്നോടു ചേരുവാൻ [എന്നിൽ ഉൾപ്പെടുവാൻ]. 'അന്യൂന......നില്പൂ'—ഉൽക്കണ്ഠയോടുകൂടിത്തന്നെ, എൻെറ പരിപക്വതയെ കാത്തുനിൽക്കുന്നു. സ്വന്തം നന്മതിന്മകളെ മാത്രമല്ല, പ്രപഞ്ചത്തിൻെറ മുഴുവനും നന്മതിന്മകളെ ഉൾക്കൊള്ളാവുന്ന വിധത്തിലാവണം ഏതൊരാളും എന്നു സംക്ഷേപം. 'നാനാവിധാ......തട്ടുന്നതാം'—മഹാപ്രപഞ്ചംകൊണ്ട് ഓരോരുത്തനും സ്വന്തം സ്വന്തം പ്രപഞ്ചമുണ്ടാക്കുന്നു. 'നാഴികവട്ട'—ചക്രവാളം [പ്രപഞ്ചം]. 'ശാശ്വതത്വത്തെളിനീർക്കണം'— സൂൎയ്യനക്ഷത്രാദിതേജോഗോളങ്ങൾ ആ ശാശ്വതത്വത്തിൻെറ തുള്ളികളാണെങ്കിൽ, ആ നാഴികവട്ടകൊണ്ട് അളന്നതെല്ലാം തത്തുല്യമാണല്ലോ. 'നിഴലിച്ചു...

ജ്ജംഗമാജംഗമമോരോന്നും മേ.
അല്ലെങ്കിൽ 'നശ്വരതപത്തെപ്പ് ഭയപ്പെടാ-
നില്ലെ'ന്നു നിത്യയാം പ്രേമലക്ഷ്മി
ചേർത്തുമനുഗ്രഹം നൽകുവാൻ തൃക്കൈകൾ
ചേർത്തുപിടിച്ചുള്ളതാമിതിങ്കൽ
ഭാവിതൻ ഗർഭസ്ഥമായ ഭൂലോകമ-
ല്ലീവിധം കാണ്മതെന്നാർക്കറിയാം!
പിന്നെയും സൂക്ഷിച്ചുനോക്കുമ്പോളങ്ങത്ര
പിന്നെയുമോരോന്നുദിച്ചിടുന്നു;
'നോക്കുക, കാണു'മെന്നുൽക്കണ്ഠയെപ്പരി-
പ്പിയ്ക്കുമോ നില്ക്കുന്ന നിശ്ശൂന്യതപം?

അക്കപ്രകാശമുണ്ടെങ്ങാനുമെന്നോതു-
മന്ധതമിസ്രം ചിലേടങ്ങളിൽ;
പിന്നെച്ചിലേടമോ, നിർഭരനീലിമ
പിന്നിൽനിന്നേന്തുന്ന വെൺപുഞ്ചിരി;
മററു ചിലേടമഗാധതാവക്ത്രത്തെ
മൂററും മറയ്ക്കുന്ന നൽത്തുടപ്പാം—
എന്നല്ല, രാപ്പകൽക്കൂട്ടച്ഛായങ്ങളി-
ലൊന്നുമില്ലാതെയില്ലെന്നാം വണ്ണം

---

ജംഗമം'—വൃക്ഷമൃഗാദിരൂപത്തിൽ കാണപ്പെടുന്ന മേഘശകലങ്ങൾ. 'അല്ലെങ്കിൽ'—ഉച്ചമായതു നീചമായതിന്റെ ഉൽക്കൃഷ്ടപ്രതിബിംബമാവാമെന്നതുപോലെതന്നെ, അതു നീചമായതിന്റെ പൂർവ്വരൂപവുമാവാം.

പാര 3. സുഖം ഒരിടത്തുണ്ടെന്നു കാണിയ്ക്കുന്ന ദുഃഖം, അകത്തിരിയ്ക്കുന്ന ദുഷ്ടത പുറത്തേയ്ക്കു കാണിയ്ക്കുന്ന പ്രസന്നത, ഗംഭീരത

എന്മനോവൃത്തി പകൎന്നതോ വാനിട-
മെന്നുള്ളിലെയ്യോടീ പിന്മെൻനോട്ടം.
പങ്കവും മുൾച്ചെടിക്കൂട്ടവും പാറയും
പക്ഷിമൃഗാദിയും മാനുഷനും
യാതൊരു കാവ്യത്തിൻ നാനാവിധാക്ഷര-
ദ്യോതിതമായ ദിവ്യോല്ലേഖമോ,
ആയതിൻ ഭാഷാന്തരങ്ങൾതാൻ വാനിലും
തോയദരൂപത്തിൽക്കാണ്മതെങ്കിൽ,
ഏതന്തരിന്ദ്രിയത്തിങ്കൽക്കുറിച്ചിട്ടി-
ല്ലെല്ലാ മനോധൎമ്മഭേദങ്ങളും?
യാതൊന്നിൽ മേവുമനശ്വരതത്വങ്ങളു-
ണ്ടേതുമറിയാത്തതാശ്ലേഷത്തെ,
ആയതിൽപ്പോലുമപ്പപ്പൊഴേ വൈഷയി-
കാസക്തിചിത്രം പുലൎന്നകാണ്കെ,
എല്ലാ മനസ്സുമെങ്ങെങ്ങു തിരിഞ്ഞാലു-
മെന്മനസ്സിങ്കലുണ്ടെന്നിരിയ്ക്കേ,
ആരെയേതൊന്നിനെയെപ്പൊഴതെന്നൂടെ
മാറിടം പുല്കുവാൻ വെമ്പുകില്ല?

---

യെ തോന്നിയ്ക്കാത്ത സ്നേഹപ്രകടനം എന്നിവയൊന്നും ആകാശത്തു കാണപ്പെടാതെയില്ല. 'കാവ്യം'—പ്രപഞ്ചം. 'നാനാവിധാക്ഷരം'—പലതരം ജീവിതം. 'യാതൊന്നിൽ......ആശ്ലേഷത്തെ'—ആകാശത്തിലുള്ള ഗോളങ്ങൾ പരസ്പരം കൂടിച്ചേരുന്നില്ലല്ലോ. [വിഷയാസക്തിയില്ലെന്നു സൂചനാ]. 'വൈഷയികാസക്തിചിത്രം'—മുൻപറഞ്ഞ പ്രാപഞ്ചികസുഖതൽപരതയുടെ പ്രതിബിംബം. 'ആരെയേതൊന്നിനെ' എന്നു തുടങ്ങുന്ന

അന്നേത്തെയന്തിയുമൊന്നായ നാളിനെ-
യല്ലും പകലുമായ് വെട്ടിനീക്കി;
ചിന്നിപ്പരന്നോരു ചെന്നിണം കണ്ട ഞാൻ
കെന്നുകരേറിനേനെൻഗൃഹത്തിൽ!

SREE KRISHNA VILASOM GRANDHASALA
E. 920
... RUM
MALAYINKIL
PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

---

വരി വായിയ്ക്കുമ്പോൾ, 'ഇപ്പരമാണുവും ബ്രഹ്മാണ്ഡമൊക്കെയു മെപ്പോഴും ഞാനിങ്ങു പുല്കിനില്പൂ' എന്ന പ്രഥമഖണ്ഡത്തിലെ പദ്യം സ്മരിയ്ക്കുക.

പാര 4. എത്ര പരിപൂൎണ്ണമായ ഐക്യബോധത്തിലെത്തിനിന്നാലും, ജീവിതസഹജമായ അഹംബുദ്ധി വന്നുചേരുകതന്നെ ചെയ്യും. അതുകൊണ്ടുള്ള ദോഷം അറിഞ്ഞാലും, മനുഷ്യൻ സ്വകൎമ്മങ്ങളിൽ വ്യാപൃതനാകുന്നു.

കുട്ടികൃഷ്ണമാരാര്.

# ചക്രവാളം.

(സവ്യാഖ്യാനം)

ഗ്രന്ഥകർത്താവ്:

**നാലപ്പാട്ട് നാരായണമേനോൻ.**

അവതാരകൻ:

**വി. മാധവൻനായർ.**

SREE KRISHNA VILASOM GRANDHASALA
9519
E 920
...YINKIL

എ. ആർ. പി. പ്രെസ്സ്,
കുന്നംകുളം.

൧൧൦൮

(ഒന്നാം പതിപ്പ്)

പകർപ്പവകാശം ഗ്രന്ഥകർത്താവിന്ന്] [വില എട്ടണ